# സത്യസാക്ഷ്യം

**അബുൽഅഅ്ലാ മൗദൂദി**

വിവർത്തനം:
**വി.പി. മുഹമ്മദലി**

പ്രസാധനം:
**ജമാഅത്തെ ഇസ്‌ലാമി, കേരള**

വിതരണം:
**ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്**
**കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ**

**ഇസ്‌ലാം**
വിശ്വാസികളിൽനിന്നാവശ്യപ്പെടുന്ന
സത്യസാക്ഷ്യത്തിന്റെ വിവക്ഷ
വിശുദ്ധപ്രമാണങ്ങളുടെ വെളിച്ചത്തിൽ
വിശകലനം ചെയ്യുന്ന ചെറുതെങ്കിലും
ബൃഹത്തായ ഗ്രന്ഥമാണിത്. ഇരുപതാം
നൂറ്റാണ്ടിലെ ഇസ്‌ലാമിക നവോത്ഥാന
നായകനും ലോകപ്രശസ്ത പണ്ഡിതനുമായ
സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി
1946 ഡിസംബർ 30-ന്
ജമാഅത്തെ ഇസ്‌ലാമിയുടെ
ആഭിമുഖ്യത്തിൽ ലാഹോറിൽ ചേർന്ന
പൊതു സമ്മേളനത്തിൽ ചെയ്ത
പ്രൗഢമായ പ്രസംഗം.

**-പ്രസാധകർ**

# സത്യസാക്ഷ്യം

പ്രപഞ്ചത്തിന്റെ ഏക സ്രഷ്ടാവും നിയന്താവും ഭരണകർത്താവുമായ അല്ലാഹുവിന് സർവ സ്തോത്രം. ആത്യന്തികമായ യുക്തിയോടും ശക്തിയോടും കാരുണ്യത്തോടും കൂടി അവനതിനെ ഭരിച്ചുപോരുന്നു. മനുഷ്യനെ അവൻ സൃഷ്ടിച്ചു; അവന്ന് ജ്ഞാനവും ബുദ്ധിശക്തിയും പ്രദാനം ചെയ്തു; ഭൂമിയിൽ തന്റെ പ്രാതിനിധ്യം നല്കി അനുഗ്രഹിച്ചു; അവന്റെ മാർഗദർശനത്തിനായി ഗ്രന്ഥങ്ങൾ അവതരിപ്പിക്കുകയും പ്രവാചകന്മാരെ നിയോഗിക്കുകയും ചെയ്തു. മനുഷ്യർക്ക് മനുഷ്യത്വം പഠിപ്പിക്കുവാനായി ആഗതരായ, മനുഷ്യന്റെ ജീവിതോദ്ദേശ്യത്തെപ്പറ്റി അറിവു നല്കിയ, അവന് ഉത്തമജീവിതമാർഗം നിർദേശിച്ച ആ സദ്വൃത്തരും സുകൃതികളുമായ ദൈവദൂതരിൽ അല്ലാഹുവിന്റെ അളവറ്റ കരുണാകടാക്ഷങ്ങൾ സദാ വർഷിക്കുമാറാകട്ടെ! ഇന്ന് ലോകത്ത് സന്മാർഗ പ്രകാശത്തിന്റെയും സത്യനന്മകളുടെയും സദാചാര സൽസ്വഭാവങ്ങളുടെയും വല്ല അംശവും കാണപ്പെടുന്നുണ്ടെങ്കിൽ അതെല്ലാം ദൈവനിയുക്തരായ അതേ മഹാത്മാക്കളുടെ ഉത്തമ മാർഗദർശനത്തിൻ ഫലമാണ്. അവരോടുള്ള കടപ്പാടിൽനിന്ന് മനുഷ്യന്ന് ഒരിക്കലും ഒഴിവാകാവതല്ല.

ബഹുമാന്യരേ, സുഹൃത്തുക്കളേ, നാം നമ്മുടെ സമ്മേളനങ്ങളെ പൊതുവിൽ രണ്ടായി ഭാഗിക്കാറുണ്ട്. അതിൽ ഒന്നാമത്തേതിന്റെ ഉദ്ദേശ്യം, നാം കൂടിയിരുന്ന് നമ്മുടെ പ്രവർത്തനം പരിശോധിക്കുകയും അതിനെ മുന്നോട്ട് നയിക്കുന്നതിനെക്കുറിച്ച് കൂടിയാലോചന നടത്തുകയുമാണ്. രണ്ടാമത്തേതിന്റെ ഉദ്ദേശ്യം, യോഗപ്രദേശത്തുള്ള പൊതുജനങ്ങൾക്ക് നമ്മുടെ പ്രബോധനം സമർപ്പിക്കുകയാണ്. രണ്ടാമത് സൂചിപ്പിച്ച ഉദ്ദേശ്യം മുൻനിറുത്തിയുള്ളതാണ് ഇപ്പോഴത്തെ സമ്മേളനം. നമ്മുടെ പ്രബോ

ധനം എന്താണെന്നും എന്തിലേക്കാണെന്നും അറിയിക്കുവാനാണ് നിങ്ങളെ ഇവിടേക്ക് ക്ഷണിച്ചിട്ടുള്ളത്.

നമ്മുടെ പ്രബോധനത്തിന്റെ ഒരു വശം, ആദ്യമേ മുസ്‌ലിം മാത്രമായിരിക്കുന്ന ജനങ്ങളോടാണെങ്കിൽ മറുവശത്ത്, മുസ്‌ലിമല്ലാത്ത സകല ജനങ്ങൾക്കും പൊതുവായിട്ടുള്ളതുമാണ്. അവരിൽ ഓരോ വിഭാഗത്തിനും നമ്മുടെ പക്കൽ സന്ദേശമുണ്ട്. എന്നാൽ, രണ്ടാം വിഭാഗത്തിൽപെട്ട ജനങ്ങളെ ഇവിടെ കാണാൻ കഴിയാത്തതിൽ എനിക്കതിയായ വ്യസനമുണ്ട്. നമ്മുടെ കഴിഞ്ഞ കാലത്തെ അബദ്ധങ്ങളുടെയും ഇന്നത്തെ വിവേകരാഹിത്യത്തിന്റെയും ഫലമായി, ദൈവത്തിന്റെ അടിമകളിൽ വമ്പിച്ച ഒരു വിഭാഗം നമ്മെ വിട്ടകന്നുപോയിരിക്കുന്നു. അവരെ നമ്മുടെ അടുത്തേക്ക് ക്ഷണിച്ചോ, നാം അവരുടെ അടുത്തേക്ക് ചെന്നോ, നമ്മുടെയും അവരുടെയും നാഥനായ അല്ലാഹു സകലരുടെയും മാർഗദർശനത്തിനായി തന്റെ പ്രവാചകന്മാർ മുഖേന അയച്ചുതന്നിട്ടുള്ള സന്ദേശം അവരെ കേൾപ്പിക്കാനുള്ള സന്ദർഭം ദുർലഭമായേ നമുക്ക് ലഭിക്കുന്നുള്ളൂ. ഏതു നിലയ്ക്കും ഇപ്പോൾ അവരിവിടെ സന്നിഹിതരല്ലാത്ത സ്ഥിതിക്ക് മുസ്‌ലിംകൾക്ക് മാത്രമായുള്ള പ്രബോധനത്തിന്റെ വശമാണ് ഞാനിവിടെ സമർപ്പിക്കുന്നത്.

മുസ്‌ലിംകളെ നാം ക്ഷണിക്കുന്നത്, മുസ്‌ലിംകളെന്ന നിലയ്ക്ക് തങ്ങളുടെ മേൽ അർപ്പിതമായ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുകയും നിറവേറ്റുകയും ചെയ്യുക എന്നതിലേക്കാണ്. ഞങ്ങൾ മുസ്‌ലിംകളാണ്; അല്ലാഹുവെയും അവന്റെ ദീനിനെയും ഞങ്ങൾ സമ്മതിക്കുന്നു എന്നു പറഞ്ഞ് നമുക്ക് രക്ഷപ്പെടുക സാധ്യമല്ല. അല്ലാഹുവിനെ നമ്മുടെ ദൈവമായും ദീനിനെ നമ്മുടെ ദീനായും സമ്മതിക്കുന്നുവെങ്കിൽ അതോടൊപ്പം ചില ഉത്തരവാദിത്വങ്ങളും നമ്മിൽ വന്നുവീഴുന്നു. അവയെക്കുറിച്ച് നമുക്ക് ബോധമുണ്ടായിരിക്കണം; അവയുടെ നിർവഹണത്തെപ്പറ്റി നാം ചിന്തിക്കുകയും വേണം. നമ്മളവ നിറവേറ്റാതിരിക്കുന്ന പക്ഷം അതിന്റെ ദുഷ്ഫലങ്ങളിൽനിന്ന് ഇഹലോകത്തോ പരലോകത്തോ രക്ഷപ്രാപിക്കുന്നതല്ല. എന്തൊക്കെയാണ് പ്രസ്തുത ഉത്തരവാദിത്വങ്ങൾ? അല്ലാഹുവിലും അവന്റെ മലക്കുകളിലും ഗ്രന്ഥങ്ങളിലും ദൂതന്മാരിലും പരലോകത്തിലും വിശ്വസിക്കുക മാത്രമല്ല നമസ്കാരം, നോമ്പ്, ഹജ്ജ്, സകാത് ഇവ അനുഷ്ഠിക്കുകയും മാത്രമല്ല വിവാഹം, വിവാഹമോചനം, അനന്തരാവകാശം തുടങ്ങിയ ഇടപാടുകളിൽ ഇസ്‌ലാം നിശ്ചയിച്ച നിയമവ്യവസ്ഥകൾ പാലിക്കുക മാത്രവുമല്ല അത്. ഇതിനെല്ലാമുപരിയായി ഭാരിച്ചതും ഗുരുതരവുമായ ഉത്തരവാദിത്വം കൂടി നമ്മുടെ മേൽ വന്നു

ചേരുന്നു. നാം ദൃഢമായി വിശ്വസിക്കുന്ന സത്യത്തിനു വേണ്ടി മുഴുവൻ ലോകത്തിന്റെയും മുമ്പിൽ സാക്ഷികളായി നിലകൊള്ളുക എന്നതാണത്. 'മുസ്‌ലിംകൾ' എന്ന പേരിൽ സ്വതന്ത്ര സമുദായമായി നമ്മെ സംഘടിപ്പിച്ചതിന്റെ ഉദ്ദേശ്യം വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ടിട്ടുള്ളത്, ദൈവത്തിന്റെ അടിമകളുടെ മേൽ സത്യസാക്ഷ്യമാകുന്ന ദൈവികലക്ഷ്യം നാം പൂർത്തീകരിക്കുകയെന്നതുതന്നെയാണ്.

"അപ്രകാരം നാം നിങ്ങളെ ഒരു മധ്യമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കാൻ വേണ്ടി; പ്രവാചകൻ നിങ്ങൾക്ക് സാക്ഷിയാവാൻ വേണ്ടിയും."*

ഇതാണ് നമ്മുടെ സമുദായത്തിന്റെ ഏക ജീവിതോദ്ദേശ്യം. നാമിത് പൂർത്തീകരിച്ചില്ലെങ്കിൽ ജീവിതംതന്നെ പാഴാക്കിയെന്നർഥം. കാരണം, അല്ലാഹു നമ്മുടെ മേൽ ചുമത്തിയിട്ടുള്ള നിർബന്ധ കർത്തവ്യമാണത്. അവൻ ആജ്ഞാപിക്കുന്നു:

"വിശ്വസിച്ച ജനങ്ങളേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ട് അല്ലാഹുവിനുവേണ്ടി നിലകൊള്ളുന്നവരാകുവിൻ!"**

ഇതൊരു കേവല കല്പനയല്ല; നിർബന്ധ കല്പനയാണ്. അല്ലാഹു അരുളുന്നു:

"അല്ലാഹുവിങ്കൽനിന്ന് തന്റെ പക്കലുള്ള സാക്ഷ്യത്തെ മറച്ചുവെക്കുന്നവനെക്കാൾ അക്രമി മറ്റാരാണ്?"***

ഈ കർത്തവ്യം നിർവഹിക്കാത്തതിന്റെ അനന്തര ഫലമെന്താണെന്നും അല്ലാഹു നമ്മെ അറിയിച്ചിട്ടുണ്ട്. നമുക്കു മുമ്പ് ജൂതന്മാർ ഈ സാക്ഷിക്കൂട്ടിൽ ഹാജരാക്കപ്പെട്ടു. അവർ കുറേയൊക്കെ സത്യത്തെ മറച്ചുവെച്ചു. കുറേയൊക്കെ സത്യത്തിനെതിരായി സാക്ഷിനില്ക്കുകയും ചെയ്തു. മൊത്തത്തിൽ, സത്യത്തിന് പകരം അസത്യത്തിനു സാക്ഷികളായിത്തീരുകയാണവരുണ്ടായത്. തദ്ഫലമായി അവർ അല്ലാഹുവിന്റെ കോപശാപങ്ങൾക്ക് പാത്രമാവുകയും നിന്ദ്യരും ഹീനരുമായി അധഃപ

* وَكَذَلِكَ جَعَلْنَاكُمْ أُمَّةً وَسَطًا لِتَكُونُوا شُهَدَاءَ عَلَى النَّاسِ وَيَكُونَ الرَّسُولُ عَلَيْكُمْ شَهِيدًا (البقرة: ١٤٣)

** يَا أَيُّهَا الَّذِينَ آمَنُوا كُونُوا قَوَّامِينَ لِلَّهِ شُهَدَاءَ بِالْقِسْطِ (المائدة: ٨)

*** وَمَنْ أَظْلَمُ مِمَّنْ كَتَمَ شَهَادَةً عِنْدَهُ مِنَ اللَّهِ (البقرة: ١٤٠)

തിക്കുകയും ചെയ്തു!

“അവരുടെ മേൽ നിന്ദ്യതയും പതിത്വവും മുദ്രകുത്തപ്പെട്ടു. അല്ലാഹുവിങ്കൽനിന്നുള്ള കോപവുമായി അവർ മടങ്ങുകയും ചെയ്തു.”****

നമ്മുടെ മേൽ ചുമത്തപ്പെട്ട ഈ സത്യസാക്ഷ്യം കൊണ്ടുള്ള വിവക്ഷ എന്താണ്? നമുക്ക് ലഭിച്ച സത്യത്തെ, നമ്മിൽ പ്രകാശിതമായിട്ടുള്ള യാഥാർഥ്യത്തെ, മനുഷ്യന്റെ വിജയസൗഭാഗ്യത്തിന് നിദാനമായി നമുക്ക് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള ഏകമാർഗത്തെ നാം ലോകസമക്ഷം അവതരിപ്പിക്കുക. സത്യവും സന്മാർഗവുമതാണെന്ന് പ്രസ്പഷ്ടമായി തെളിയിക്കുംവിധം സാക്ഷ്യം വഹിക്കുക. അങ്ങനെ ലോകജനതയിൽ ദീനിന്റെ ലക്ഷ്യം പൂർത്തീകരിക്കുകയും ചെയ്യുക എന്നതാണത്. ഇതേ സാക്ഷ്യനിർവഹണത്തിനാണ് പ്രവാചകന്മാർ ലോകത്ത് നിയോഗിക്കപ്പെട്ടത്. സാക്ഷ്യനിർവഹണം അവരുടെ നിർബന്ധ ചുമതലയായിരുന്നു. പിന്നീട്, ഇതേ സത്യസാക്ഷ്യ കർത്തവ്യം പ്രവാചകന്മാർക്കു ശേഷം അവരുടെ അനുയായികളിൽ ചുമത്തപ്പെട്ടു. ഇപ്പോൾ അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ)ക്കു ശേഷം അനുയായികളിൽ അതിന്റെ ഉത്തരവാദിത്വം വന്നു ചേർന്നു. നബിതിരുമേനിയുടെ മേൽ ആ ജീവിതകാലത്തുതന്നെ വ്യക്തിപരമായി ചുമത്തപ്പെട്ട വിധംതന്നെ മുസ്‌ലിംസമുദായത്തിന്റെ മേൽ ഇന്നത് പൊതുവായി ചുമത്തപ്പെട്ടിരിക്കുന്നു.

സത്യസാക്ഷ്യത്തിന്റെ പ്രാധാന്യം എത്രത്തോളമുണ്ടെന്ന് ചിന്തിച്ചു നോക്കാം. മനുഷ്യവംശത്തിനായി അല്ലാഹു നിശ്ചയിച്ച അന്ത്യ വിചാരണയുടെയും രക്ഷാശിക്ഷകളുടെയും നിയമസംബന്ധമായ മുഴുവൻ അടിസ്ഥാനവും ഇതേ സാക്ഷ്യമാകുന്നു. യുക്തി, കാരുണ്യം, നീതി എന്നിവയ്ക്കധിപനാണ് അല്ലാഹു. തന്റെ പ്രീതി എന്തെന്നറിയാത്ത ജനങ്ങൾ അതിനെതിരു പ്രവർത്തിക്കുകയും സന്മാർഗമേതെന്നറിയാതെ ദുർമാർഗത്തിൽ ചലിക്കുകയും ചെയ്തതിന് അവരെ ശിക്ഷിക്കുക എന്നതും അവർക്കറിയാത്ത വിഷയങ്ങളിൽ അവരെ ചോദ്യം ചെയ്യുക എന്നതും അവന്റെ യുക്തിക്കും കാരുണ്യത്തിനും നീതിക്കും നിരക്കുന്നതല്ല. അതിനാൽ, ഭൂമുഖത്ത് മനുഷ്യന്റെ അധിവാസം തന്നെ അല്ലാഹു ഒരു പ്രവാചകനെക്കൊണ്ടാരംഭിച്ചു; പിന്നീട് അപ്പപ്പോൾ അസംഖ്യം പ്രവാചകന്മാരെ നിയോഗിച്ചുകൊണ്ടുമിരുന്നു. നിങ്ങളെ സംബന്ധിച്ച് നിങ്ങളുടെ സ്രഷ്ടാവിന്റെ അഭീഷ്ടം, നിങ്ങൾക്ക് ഇഹലോകത്ത് ശരിയായ ജീവിതമാർഗം, നിങ്ങളുടെ നാഥന്റെ പ്രീതിനേടുവാൻ നിങ്ങൾ കൈക്കൊ

**** ضُرِبَتْ عَلَيْهِمُ الذِّلَّةُ وَالْمَسْكَنَةُ وَبَاءُوا بِغَضَبٍ مِنَ اللهِ (البقرة: ٦١)

ള്ളേണ്ട നയം, നിർവഹിക്കേണ്ട ജോലി, നിങ്ങൾ സൂക്ഷിക്കേണ്ട കാര്യങ്ങൾ, നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്ന വിഷയങ്ങൾ ഇതൊക്കെയാണ്- എന്നിങ്ങനെ മനുഷ്യവംശത്തിന് മുന്നറിയിപ്പ് നല്കുകയായിരുന്നു അതിന്റെ ഉദ്ദേശ്യം. അല്ലാഹു തന്റെ പ്രവാചകന്മാരാൽ ഇവ്വിധം സത്യസാക്ഷ്യം നിർവഹിപ്പിച്ചത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നുണ്ട്. ഞങ്ങൾ അറിവില്ലാത്തവരായിരുന്നു. ഞങ്ങളെ അറിയിക്കാത്ത സംഗതിയുടെ പേരിലാണോ ഞങ്ങളെ ശിക്ഷിക്കുന്നത് എന്നു പറഞ്ഞ് അല്ലാഹുവിന്റെ മേൽ ലക്ഷ്യം സ്ഥാപിക്കുന്നതിന് ജനങ്ങൾക്ക് അവസരമുണ്ടാവാതിരിക്കാൻ വേണ്ടിയാണെന്നതാണാ വാക്യം. "സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീത് നല്കുന്നവരുമായ പ്രവാചകന്മാരെ (നിയോഗിച്ചു); പ്രവാചകൻമാരുടെ ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ യാതൊരു ന്യായവും ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി. പ്രതാപശാലിയും യുക്തിമാനുമാണ് അല്ലാഹു."*

ഇങ്ങനെ ജനങ്ങളുടെ മേൽ ലക്ഷ്യം പൂർത്തീകരിക്കുകയെന്ന തന്റെ ബാധ്യത അല്ലാഹു പ്രവാചകന്മാരുടെ മേൽ ചുമത്തി. അവർ പ്രസ്തുത കടമ ശരിക്കും മുറയ്ക്കും നിർവഹിക്കുന്ന പക്ഷം ജനങ്ങൾ തങ്ങളുടെ കർമങ്ങളെക്കുറിച്ച് സ്വയം ചോദ്യം ചെയ്യപ്പെടുവാൻ അർഹരാകും. സാക്ഷ്യനിർവഹണത്തിൽ വല്ല വീഴ്ചയും വരുത്തുന്നപക്ഷം ജനങ്ങളുടെ ദുർമാർഗ ദുഷ്കർമങ്ങളെപ്പറ്റി പ്രവാചകന്മാർ ചോദിക്കപ്പെടുകയും ചെയ്യും. ഈ ഗുരുതരമായ ഉത്തരവാദിത്വസ്ഥാനത്താണ് പ്രവാചകന്മാർ നിശ്ചയിക്കപ്പെട്ടത്. മറ്റൊരു രീതിയിൽ പ്രവാചകന്മാർ ഒന്നുകിൽ സത്യസാക്ഷ്യം മുറയ്ക്ക് നിർവഹിച്ച് ജനങ്ങളുടെ മേൽ അല്ലാഹുവിന്റെ ലക്ഷ്യം പൂർത്തീകരിക്കുക. അല്ലാഹു നല്കിയ യഥാർഥ ജ്ഞാനം ജനങ്ങളെ അറിയിച്ചില്ലെന്നും അല്ലാഹു പഠിപ്പിച്ച ശരിയായ ജീവിതമാർഗം ജനങ്ങളെ പഠിപ്പിച്ചില്ലെന്നുമുള്ള എതിർസാക്ഷ്യം പ്രവാചകന്മാരുടെ മേൽ സ്ഥാപിതമാവുക. ഇതായിരുന്നു പ്രവാചകന്മാരുടെ സ്ഥാനത്തിന്റെ ഗൗരവം. ഇതേ കാരണത്താലാണ്, പ്രവാചകന്മാർ തങ്ങളുടെ മേലുള്ള ഈ ഉത്തരവാദിത്വഭാരത്തെ ഗൗരവപൂർവം ഓർമിച്ചത്. സത്യസാക്ഷ്യനിർവഹണത്തിലും ജനങ്ങളുടെ മേൽ ലക്ഷ്യം പൂർത്തീകരിക്കുന്നതിലും ആത്മാർപ്പണം ചെയ്ത് പരിശ്രമിച്ചുകൊണ്ടിരുന്നതും ഇതിനാൽതന്നെ. പിന്നീട്, പ്രവാചകന്മാർ മുഖേന സത്യജ്ഞാനവും സന്മാർഗവും ലഭിച്ച

---

* رُسُلاً مُبَشِّرِينَ وَمُنْذِرِينَ لِئَلَّا يَكُونَ لِلنَّاسِ عَلَى اللَّهِ حُجَّةٌ بَعْدَ الرُّسُلِ وَكَانَ اللَّهُ عَزِيزًا حَكِيمًا (النساء: ١٦٥)

ജനങ്ങളാൽ ഒരു പാർട്ടി രൂപീകരിക്കപ്പെട്ടു, പ്രവാചകൻമാരുടെ മേൽ ചുമത്തപ്പെട്ടിരുന്ന അതേ സത്യസാക്ഷ്യ കർത്തവ്യം ഇപ്പോൾ ആ പാർട്ടിയുടെ മേൽ ചുമത്തപ്പെട്ടിരിക്കുന്നു. പ്രവാചകന്മാരുടെ പ്രതിനിധികളെന്ന നിലയ്ക്ക്, മുമ്പ് പ്രവാചകന്മാർ നിറുത്തപ്പെട്ട അതേ ഉത്തരവാദിത്വസ്ഥാനത്ത് ഇപ്പോൾ അവരും നിറുത്തപ്പെട്ടു. അതായത്, അവർ സത്യസാക്ഷ്യ കർത്തവ്യം പൂർത്തീകരിക്കുന്നപക്ഷം-ജനങ്ങൾ ശരിപ്പെട്ടില്ലെങ്കിലും -അവർക്ക് പ്രതിഫലം ലഭിക്കും. ശിക്ഷിക്കപ്പെടുന്നതോ, ജനങ്ങളുമായിരിക്കും. സത്യസാക്ഷ്യ നിർവഹണത്തിലവർ വീഴ്ച വരുത്തുകയോ സത്യത്തിനു പകരം അസത്യത്തിനു സാക്ഷ്യം വഹിക്കുകയോ ചെയ്യുകയാണെങ്കിൽ ജനങ്ങൾക്കു മുമ്പ് അവരായിരിക്കും ചോദ്യം ചെയ്യപ്പെടുക. സ്വകർമങ്ങളെക്കുറിച്ച് മാത്രമല്ല അവർ ചോദ്യം ചെയ്യപ്പെടുക. ശരിയായ സാക്ഷ്യം വഹിക്കാതിരിക്കുന്നതുകൊണ്ടോ തെറ്റായി സാക്ഷ്യം വഹിച്ചതു കാരണമായോ ദുർമാർഗികളും നാശകാരികളും അധർമകാരികളുമായിക്കഴിഞ്ഞ ജനങ്ങളുടെ കർമങ്ങളെക്കുറിച്ചും അവർ ചോദ്യം ചെയ്യപ്പെടും.

മാന്യരേ, ഇതാണ് സത്യസാക്ഷ്യമാകുന്ന ഗൗരവാവഹമായ ആ ഉത്തരവാദിത്വം. എന്റെ മേലും നിങ്ങളുടെ മേലും, മുസ്‌ലിം എന്നു വാദിക്കുന്നവർ അടക്കം അല്ലാഹുവിന്റെ വിശുദ്ധ ഗ്രന്ഥവും പ്രവാചകന്മാരുടെ സന്മാർഗവും ലഭിച്ച സകല ജനങ്ങളുടെ മേലും ചുമത്തപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വം! ഇനി, പ്രസ്തുത സാക്ഷ്യ നിർവഹണത്തിനുള്ള മാർഗമെന്തെന്നു നോക്കാം. സാക്ഷ്യം രണ്ടു വിധം. ഒന്ന് വാങ്മൂലമുള്ളത്, മറ്റൊന്ന് കർമപരമായത്. വാങ്മൂല സാക്ഷ്യത്തിന്റെ രൂപം, പ്രവാചകന്മാർ മുഖേന നമുക്കു ലഭിച്ച സത്യത്തെ നാവുകൊണ്ടും പേനകൊണ്ടും ലോകത്തിനു പ്രകാശിതമാക്കുക എന്നതാണ്. ഗ്രഹിപ്പിക്കുവാനും ഹൃദിസ്ഥമാക്കുവാനും സാധ്യമാകുന്ന സകല മാർഗങ്ങളും ഉപയോഗപ്പെടുത്തുക. പ്രബോധന പ്രചാരണത്തിനും പ്രക്ഷേപണ പ്രസിദ്ധീകരണത്തിനും ഉതകുന്ന എല്ലാ ഉപകരണങ്ങളും വിനിയോഗിക്കണം. വിജ്ഞാന-കലാ-ശാസ്ത്രങ്ങൾ ശേഖരിച്ചുതന്ന മുഴുവൻ കരുക്കളും കൈയിലെടുത്ത് അല്ലാഹു മനുഷ്യന്ന് നിശ്ചയിച്ച ദീനിന്റെ ശിക്ഷണങ്ങൾ നാം ലോകത്തിന് പരിചയപ്പെടുത്തുക. ആദർശ-ചിന്തകളിൽ, ധാർമിക-സദാചാരങ്ങളിൽ, സാംസർഗിക-നാഗരികതയിൽ, ഉപജീവനമാർഗത്തിൽ, കൊള്ളക്കൊടുക്കയിൽ, നിയമത്തിൽ, നീതിന്ന്യായത്തിൽ, രാഷ്ട്രീയത്തിൽ, രാജ്യഭരണത്തിൽ എന്നുവേണ്ട മാനുഷിക ഇടപാടുകളുടെ മറ്റെല്ലാ വശങ്ങളിലും മനുഷ്യന്റെ മാർഗദർശനത്തിന് പ്രസ്തുത ദീൻ സമർപ്പിച്ചിട്ടുള്ള നിർദേശങ്ങളത്രയും നാം സവിസ്തരം വെളിപ്പെടു

ത്തണം. തെളിവുകളും ദൃഷ്ടാന്തങ്ങളുംകൊണ്ട് അതിന്റെ സത്യസ്ഥിതി സ്ഥാപിക്കണം. അതിനെതിരിലുള്ള എന്തിനെയും യുക്തിപൂർവം നിരൂപണം ചെയ്ത് അവയുടെ ന്യൂനതകൾ തുറന്നുകാട്ടുകയും വേണം. പ്രവാചകന്മാർ വ്യക്തിപരമായി ദൈവസൃഷ്ടികളുടെ സന്മാർഗത്തെക്കുറിച്ച് കാര്യഗൗരവത്തോടെ ചിന്തിച്ചിരുന്നു. ആ ഗൗരവത്തോടെ മുസ്‌ലിം സമുദായം സാമൂഹികമായി അതിനെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. അല്ലെങ്കിൽ ഈ സത്യസാക്ഷ്യ കർത്തവ്യം നിർവഹിക്കുക സാധ്യമല്ല. ഈ മഹത്കൃത്യം സകലവിധ സാമൂഹിക പരിശ്രമങ്ങളുടെയും സാമുദായിക പ്രവർത്തനങ്ങളുടെയും കേന്ദ്രബിന്ദുവായിത്തീരുക അത്യന്താപേക്ഷിതമാണ്. മാനസികവും മസ്തിഷ്കപരവുമായ സകല കഴിവുകളും നമ്മുടെ അധീനതയിലുള്ള ഉപകരണങ്ങളും സാമഗ്രികളും അതിൽ അർപ്പിക്കപ്പെടണം; നമ്മുടെ മുഴുപ്രവർത്തനങ്ങളിൽ ഈ ലക്ഷ്യം നിർബന്ധപൂർവം വീക്ഷിക്കപ്പെടണം; സർവോപരി സത്യത്തിനെതിരിൽ സാക്ഷ്യം വഹിക്കുന്ന ഏതെങ്കിലുമൊരു ശബ്ദം നമുക്കിടയിൽ പൊങ്ങിവരുന്നത് ഏതൊരു പരിതഃസ്ഥിതിയിലും സഹിക്കാതിരിക്കുകയും വേണം.

ഇനി, കർമസാക്ഷ്യം എന്നതുകൊണ്ടുള്ള വിവക്ഷ, നാം സത്യമെന്ന് വാദിക്കുന്ന സിദ്ധാന്തങ്ങളെ നമ്മുടെ പ്രായോഗിക ജീവിതത്തിൽ പ്രതിഫലിപ്പിക്കുകയെന്നതാണ്. അവ സത്യമെന്ന് ലോകം നമ്മുടെ നാവിൽക്കൂടി മാത്രം കേട്ടാൽപോരാ; പ്രത്യുത, അവയുടെ മെച്ചങ്ങളും മഹത്ത്വങ്ങളും നമ്മുടെ ജീവിതത്തിൽ കാണാൻ കഴിയണം. സത്യവിശ്വാസത്തിന്റെ മാധുര്യത്താൽ മനുഷ്യന്റെ സ്വഭാവകർമങ്ങളിൽ ഉദിച്ചുയരുന്ന മധുരരസത്തെ നമ്മുടെ പെരുമാറ്റത്തിൽ ലോകം ആസ്വദിക്കണം. ഈ ദീനിന്റെ മാർഗദർശനത്തിൽ എത്ര നല്ല മനുഷ്യരാണുണ്ടാവുന്നത്; എത്ര നീതിപൂർവകമായ സൊസൈറ്റിയാണ് രൂപം കൊള്ളുന്നത്; എത്ര നല്ല സമുദായമാണ് പ്രത്യക്ഷത്തിൽ വളരുന്നത്; എത്ര പരിശുദ്ധവും പരിപാവനവുമായ നാഗരികതയാണ് ജന്മമെടുത്തത്; എത്ര ഋജുവായ സരണികളിലൂടെയാണ് വിജ്ഞാന-കലാ-ശാസ്ത്രങ്ങൾ വളർന്നു വികസിക്കുന്നത്; എന്തുമാത്രം നീതിപരവും സ്നേഹാനുഭാവപൂർവവും സംഘട്ടനരഹിതവുമായ സാമ്പത്തിക സഹകരണമാണ് പ്രത്യക്ഷപ്പെടുന്നത്; വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിന്റെ നാനാ വശങ്ങളും എത്രകണ്ട് ശരിപ്പെട്ട് നന്മ നിറഞ്ഞു വിളയാടുന്നു എന്നെല്ലാം ലോകത്തിന് നേരിൽ കണ്ടും കേട്ടുമറിയാൻ കഴിയണം. വ്യക്തികളെന്ന നിലയ്ക്കും സമൂഹമെന്ന നിലയ്ക്കും നമ്മുടെ ദീനിന്റെ സത്യതയുടെ പ്രതീകങ്ങളായി നാം പരിണമിക്കുക വഴി മാത്രമേ ഈ കടമ നിർവഹിക്കുക സാധ്യമാവൂ. നമ്മുടെ സ്വഭാവചര്യകൾ അതിന്റെ സത്യാവസ്ഥയ്ക്ക്

തെളിവു നല്കണം; നമ്മുടെ ഗൃഹങ്ങളിൽ അതിന്റെ സൗരഭ്യം വീശണം; നമ്മുടെ കച്ചവടസ്ഥലങ്ങളും വ്യവസായശാലകളും അതിന്റെ പ്രകാശ ത്താൽ മിന്നിത്തിളങ്ങണം; നമ്മുടെ സ്ഥാപനങ്ങളും വിദ്യാലയങ്ങളും അതിന്റെ പ്രഭാപൂരത്താൽ പ്രശോഭിതങ്ങളാവണം. നമ്മുടെ സാഹിത്യ ങ്ങളും പത്രങ്ങളും നന്മകളുടെ മാത്രം സാക്ഷ്യപത്രങ്ങളാവണം; നമ്മുടെ സാമുദായിക നയങ്ങളും സാമൂഹിക പരിശ്രമങ്ങളും അതിന്റെ സത്യ തയ്ക്കുള്ള സമുജ്ജ്വല രേഖകളായിരിക്കണം. ചുരുക്കത്തിൽ, ഒരു വ്യക്തിയോ സമുദായമോ നമ്മളോട് എവിടെവെച്ച് എങ്ങനെ ബന്ധ പ്പെടുകയാണെങ്കിലും, നാം സത്യമെന്ന് വാദിക്കുന്ന സിദ്ധാന്തങ്ങൾ സത്യമാണെന്നതിനും അതുവഴി മനുഷ്യജീവിതം ഉന്നതവും ഉത്തമവും ഉത്കൃഷ്ടവുമായിത്തീരുമെന്നതിനും നമ്മുടെ വ്യക്തിപരവും സാമുദാ യികവുമായ ചര്യകളിൽനിന്ന് അവർക്ക് അനിഷേധ്യമായ തെളിവുകൾ ലഭിക്കണം. ഇത്രയുമല്ല, അതേ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സ്റ്റേറ്റ് സ്ഥാപിതമാവണം. ദീൻ സമ്പൂർണമായും പ്രയോഗത്തിൽ വരുത്തി അതിന്റെ നീതിന്ന്യായവ്യവസ്ഥ, സംസ്കരണ പരിപാടി, രാഷ്ട്ര മീമാംസ, നാട്ടുകാരുടെ ക്ഷേമൈശ്വര്യം, ഭരണകർത്താക്കളുടെ ഉത്തമ ചര്യ, മെച്ചപ്പെട്ട ആഭ്യന്തര ഭരണം, നിഷ്കളങ്കമായ വിദേശനയം, മാന്യ മായ സമരം, പാലിക്കപ്പെടുന്ന സന്ധി എന്നിവ പ്രാവർത്തികമാകണം. ഈ സ്റ്റേറ്റിന് ജന്മം നല്കിയ ദീനാണ് വാസ്തവത്തിൽ മനുഷ്യവിജയ ത്തിന് നിദാനം. ആ ദീനിനെ അനുഗമിക്കുന്നതിലൂടെ മാത്രമാണ് മനു ഷ്യവംശത്തിന്റെ നന്മ. ഇത് ലോകത്തിന്റെ മുമ്പിൽ സാക്ഷ്യം വഹി ക്കാത്ത കാലത്തോളം പ്രസ്തുത സത്യസാക്ഷ്യം പരിപൂർണമാകുന്നി ല്ലെന്ന പരമാർഥം ഞാൻ ഉണർത്തിച്ചുകൊള്ളട്ടെ. കർമപരമായ ഈ സാക്ഷ്യം വാങ്മൂല സാക്ഷ്യവുമായി ചേരുമ്പോൾ മാത്രമേ മുസ്‌ലിം സമുദായത്തിന്റെ മേൽ ചുമത്തപ്പെട്ട ഭാരിച്ച ബാധ്യത പരിപൂർണമായി നിർവഹിക്കപ്പെടുന്നുള്ളൂ. മനുഷ്യവംശത്തിന്റെ മേൽ അല്ലാഹുവിന്റെ ലക്ഷ്യം വിവിധ തുറകളിൽ പൂർത്തിയാവുന്നതും അപ്പോൾ മാത്രം. പര ലോകത്ത് അല്ലാഹുവിന്റെ കോടതിയിൽ നബി(സ) തിരുമേനിക്ക് പിന്നിൽനിന്ന്, അവിടന്ന് ഞങ്ങൾക്കെത്തിച്ചുതന്നതെല്ലാം ഞങ്ങൾ ജന ങ്ങൾക്കെത്തിച്ചുകൊടുത്തുവെന്നും എന്നിട്ടും സന്മാർഗമവലംബി ക്കാത്ത ജനങ്ങൾ അവരുടെ ദുർമാർഗത്തിനു സ്വയം ഉത്തരവാദികളാ ണെന്നും സാക്ഷ്യം വഹിക്കുവാൻ അതിനു ശേഷമേ നമ്മുടെ സമുദായം അർഹമാവുന്നുള്ളൂ.

മാന്യരേ, മുസ്‌ലിംകളെന്ന നിലയ്ക്ക് വാക്കും പ്രവർത്തനവും വഴി നാം നിർവഹിക്കേണ്ട സത്യസാക്ഷ്യമാണിത്. എന്നാൽ, ഇന്ന് നാം എന്ത്

സാക്ഷ്യമാണ് വാസ്തവത്തിൽ നല്കിക്കൊണ്ടിരിക്കുന്നത്? ഇപ്പോഴെങ്കിലുമൊന്ന് ചിന്തിച്ചുനോക്കുക! വാക്കു മുഖേനയുള്ള സാക്ഷ്യത്തെക്കുറിച്ച് പറയുകയാണെങ്കിൽ, നമ്മിൽ നന്നേ കുറഞ്ഞ വിഭാഗം മാത്രമാണ് ചിലപ്പോൾ വ്യക്തിപരവും ചിലപ്പോൾ സംഘടിതമായും നാവുകൊണ്ടും പേനകൊണ്ടും ഇസ്‌ലാമിന് സാക്ഷ്യം വഹിക്കുന്നത്. അതുതന്നെയും അർഹിക്കുന്ന വിധം നിർവഹിക്കുന്നവർ കൈവിരലിലെണ്ണാൻ മാത്രമേയുള്ളൂ. ഈ തുച്ഛവിഭാഗത്തെ ഒഴിച്ചുനിറുത്തി നോക്കുന്നപക്ഷം മുസ്‌ലിംകൾ പൊതുവേ സാക്ഷ്യം വഹിക്കുന്നത് ഇസ്‌ലാമിനനുകൂലമായിട്ടല്ല, പ്രതികൂലമായിട്ടാണെന്ന് കാണാം. ഇസ്‌ലാമിലെ അനന്തരാവകാശ നിയമം തെറ്റാണെന്നും ജാഹിലിയ്യാ (അനിസ്‌ലാമിക) സമ്പ്രദായമാണ് ശരിയെന്നും നമ്മുടെ ജന്മികളും പ്രഭുക്കളും സാക്ഷ്യം വഹിക്കുന്നു. ഇസ്‌ലാമിന്റെ എല്ലാ നിയമങ്ങളും തെറ്റാണെന്ന് മാത്രമല്ല, ഇസ്‌ലാമിക നിയമത്തിന്റെ അടിസ്ഥാന സിദ്ധാന്തം പോലും സ്വീകാരയോഗ്യമല്ലെന്നും മനുഷ്യനിർമിത നിയമങ്ങൾ മാത്രമാണ് ശരിയെന്നും നമ്മുടെ വക്കീൽമാരും ജഡ്ജിമാരും മജിസ്ട്രേറ്റുമാരും സാക്ഷ്യം വഹിക്കുന്നു. തത്ത്വശാസ്ത്രം, ചരിത്രം, സാമൂഹിക ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, രാഷ്ട്രീയം, നിയമം, സദാചാരം എന്നിവകളെ സംബന്ധിച്ച് പാശ്ചാത്യൻ നിർമതാധിപത്യങ്ങളിൽനിന്ന് കണ്ടുപിടിച്ച സിദ്ധാന്തങ്ങൾ മാത്രമാണ് ശരിയെന്നും പ്രസ്തുത കാര്യങ്ങളിലൊന്നുംതന്നെ ഇസ്‌ലാമിന്റെ വീക്ഷാഗതി തീരേ പരിഗണനാർഹമല്ലെന്നും നമ്മുടെ അധ്യാപകന്മാരും പ്രൊഫസർമാരും വിദ്യാഭ്യാസ സ്ഥാപനങ്ങളും സാക്ഷ്യം വഹിക്കുന്നു. ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യ തുടങ്ങിയ രാജ്യങ്ങളിലെ നിരീശ്വര-നിർമതവാദികളായ സാഹിത്യകാരന്മാരുടെ കൈവശമുള്ള സാഹിത്യ സന്ദേശമാണ് തങ്ങളുടെ പക്കലുള്ളതെന്നും, മുസ്‌ലിംകളെന്ന നിലയ്ക്ക് തങ്ങളുടെ സാഹിത്യത്തിനു യാതൊരു സ്വതന്ത്ര ചൈതന്യവുമില്ലെന്നും നമ്മുടെ സാഹിത്യകാരന്മാർ സാക്ഷ്യം വഹിക്കുന്നു; അമുസ്‌ലിംകളുടെ അതേ ചർച്ചകളും പ്രശ്നങ്ങളും പ്രചാരണമാർഗങ്ങളും മാത്രമാണ് തങ്ങൾക്കുള്ളതെന്ന് നമ്മുടെ പത്രങ്ങൾ സാക്ഷ്യം വഹിക്കുന്നു; കൊടുക്കൽ-വാങ്ങലുകൾ സംബന്ധിച്ച് ഇസ്‌ലാം സ്ഥാപിച്ച പരിധി അപ്രായോഗികങ്ങളാണെന്നും കാഫിറുകൾ സ്വീകരിച്ച മാർഗത്തിൽക്കൂടിയേ ഇടപാടുകൾ സാധ്യമാകയുള്ളൂവെന്നും നമ്മുടെ കച്ചവടക്കാരും വ്യവസായികളും സാക്ഷ്യം വഹിക്കുന്നു; സത്യനിഷേധികളുടെ പക്കലുള്ള അതേ വർഗീയ-ദേശീയ മുദ്രാവാക്യങ്ങളും സാമുദായികാവശ്യങ്ങളും താൽപര്യങ്ങളുമാണ് തങ്ങൾക്കുള്ളതെന്നും ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അവർ സ്വീകരിച്ച രീതിതന്നെയാണ് തങ്ങൾക്കും സ്വീകാ

ര്യമെന്നും രാഷ്ട്രീയ പ്രവർത്തകർ സാക്ഷ്യം വഹിക്കുന്നു. രാഷ്ട്രീയ-ഭരണകാര്യങ്ങളിൽ സത്യനിഷേധികളുടെ പക്കലുള്ള അതേ സിദ്ധാന്തങ്ങളാണ് തങ്ങളുടെ പക്കലുള്ളതെന്നും ഇത്തരം വിഷയങ്ങളിൽ ഇസ്‌ലാം യാതൊരു മാർഗദർശനവും നല്കിയിട്ടില്ലെന്നും നമ്മുടെ നേതാക്കൾ സാക്ഷ്യം വഹിക്കുന്നു; ദുൻയാവും അതിലെ പ്രശ്നങ്ങളുമല്ലാതെ, തങ്ങളുടെ നാവിനെ വിനിയോഗിക്കേണ്ടതും അല്പ സമയമെങ്കിലും ചെലവഴിക്കേണ്ടതുമായ ഒരു ദീൻ തങ്ങളുടെ പക്കലില്ലെന്ന് നമ്മുടെ സാധാരണക്കാർ സാക്ഷ്യം വഹിക്കുന്നു. പൊതുവിൽ നമ്മുടെ മുഴുവൻ സമുദായവും, ഇന്ത്യയിൽ മാത്രമല്ല ലോകത്തൊട്ടുക്കും ഇത്തരം സാക്ഷ്യമാണ് തങ്ങളുടെ വാക്കുമുഖേന നിർവഹിക്കുന്നത്.

ഇനി, കർമപരമായ സാക്ഷ്യനിർവഹണത്തെക്കുറിച്ചു ചിന്തിക്കാം. അതിന്റെ അവസ്ഥ, വാക്കുമുഖേനയുള്ള സാക്ഷ്യത്തെക്കാൾ പരിതാപകരം! ജീവിതത്തിൽ ഇസ്‌ലാമിനെ പ്രതിഫലിപ്പിക്കുന്ന ചുരുക്കം സജ്ജനവ്യക്തികൾ അങ്ങിങ്ങായി നമ്മളിൽ കാണപ്പെടുന്നുണ്ട്. എന്നാൽ, ബഹുഭൂരിപക്ഷത്തിന്റെ അവസ്ഥ എന്താണ്? ഇസ്‌ലാമിന്റെ തണലിൽ വളരുന്ന വ്യക്തികൾ ഒരു നിലയ്ക്കും കുഫ്റിനാൽ വാർത്തെടുക്കപ്പെട്ട വ്യക്തികളിൽനിന്നു വ്യത്യസ്തരോ ഉത്കൃഷ്ടരോ അല്ലെന്നു മാത്രമല്ല, പലതുകൊണ്ടും കുഫ്റിന്റെ സന്താനങ്ങളെയപേക്ഷിച്ച് അധമരാണെന്ന നിലയ്ക്കുമാണ്, വ്യക്തിപരമായി സാധാരണ മുസ്‌ലിംകൾ തങ്ങളുടെ കർമങ്ങൾ മുഖേന ഇസ്‌ലാമിനെ പ്രതിനിധീകരിച്ചുകൊണ്ടിരിക്കുന്നത്. അവർക്ക് കളവുപറയാം, വഞ്ചിക്കാം, അക്രമം പ്രവർത്തിക്കാം, വാഗ്ദാനങ്ങളും കരാറുകളും ലംഘിക്കാം, കൊള്ളയും കവർച്ചയും നടത്താം, കലഹവും നാശവും സൃഷ്ടിക്കാം, നിന്ദ്യവും നിർലജ്ജവുമായ ഏത് ദുഷ്കൃത്യവും ചെയ്യാം. ഇത്തരം ദുരാചാര ദുഃസ്വഭാവങ്ങളിലൊന്നും തന്നെ അവരുടെ ശതമാനം ഏതെങ്കിലും അമുസ്‌ലിം സമുദായത്തിന്റേതിൽനിന്ന് ഒട്ടും ഭിന്നമല്ല. നമ്മുടെ കുടുംബജീവിതം, നടപടി, ആചാര സമ്പ്രദായങ്ങൾ, ആഘോഷങ്ങൾ, ഉത്സവങ്ങൾ, കൊണ്ടാട്ടങ്ങൾ, യോഗങ്ങൾ, ഘോഷയാത്രകൾ തുടങ്ങി ചുരുക്കത്തിൽ നമ്മുടെ സാമൂഹിക ജീവിതത്തിലെ യാതൊരു രംഗത്തും ഇസ്‌ലാമിനെ നാം പ്രതിനിധീകരിക്കുന്നതായി കാണാനാവുന്നില്ല. ഇസ്‌ലാമിന്റെ അനുയായികൾ തങ്ങൾക്കുതന്നെയും ഇസ്‌ലാമിനു പകരം മറ്റുള്ളവയെയാണ് കൂടുതൽ പരിഗണനാർഹമായി കരുതുന്നതെന്നതിനു വ്യക്തമായ ഒരു സാക്ഷ്യമാണിതെന്ന് പറയേണ്ടി വന്നിരിക്കുന്നു. നാം വിദ്യാലയങ്ങൾ സ്ഥാപിക്കുകയാണെങ്കിൽ വിദ്യാഭ്യാസവും അതിന്റെ വ്യവസ്ഥയും ചൈതന്യ

വുമെല്ലാം 'സത്യനിഷേധി'കളിൽനിന്ന് സ്വീകരിക്കുന്നു; നാം സംഘടനകൾ രൂപീകരിക്കുന്നപക്ഷം അവയുടെ ലക്ഷ്യം, വ്യവസ്ഥ, പ്രവർത്തന മാർഗം അങ്ങനെ മുഴുവൻ കാര്യങ്ങളും ഏതെങ്കിലും ഒരു അമുസ്‌ലിം സംഘടനയുടെ മാതൃകയിലായിരിക്കും. നമ്മുടെ സമുദായം വല്ല സാമൂഹിക സംരംഭത്തിനും ഒരുങ്ങി പുറപ്പെടുന്ന പക്ഷം അവരുടെ ആവശ്യങ്ങൾ, പ്രവർത്തന മാർഗം, സംഘടനയ്ക്കുള്ള ഭരണഘടന, പ്രമേയങ്ങൾ, പ്രസംഗങ്ങൾ, പ്രസ്താവനകൾ സകലതും 'അമുസ്‌ലിം' സമുദായങ്ങളുടെ തനിപ്പകർപ്പായിരിക്കും. എന്തിനധികം? സ്വതന്ത്രമോ അർധസ്വതന്ത്രമോ ആയ വല്ല ഭരണകൂടങ്ങളും എവിടെയെങ്കിലും നിലകൊള്ളുന്നുണ്ടെങ്കിൽ അവിടെയും ഭരണകൂടത്തിന്റെ അടിസ്ഥാനം, ഭരണവ്യവസ്ഥ, നീതിന്ന്യായം എല്ലാംതന്നെ അമുസ്‌ലിംകളിൽനിന്ന് ഇരവു വാങ്ങിയിരിക്കുകയാണ്. ചില ഭരണകൂടങ്ങളിൽ ഇസ്‌ലാമിക നിയമം കേവലം 'പേഴ്സനൽ ലാ'യുടെ പരിധിക്കുള്ളിൽ പരിമിതമായിരിക്കുന്നുവെങ്കിൽ ചില ഭരണകൂടങ്ങൾ അവയെപ്പോലും മാറ്റത്തിരുത്തലുകൾക്ക് വിധേയമാക്കിയേ വിട്ടിട്ടുള്ളൂ! ആംഗ്ലേയ ഗ്രന്ഥകാരനായ ലോറൻസ് ബ്രൗൺ തന്റെ 'ദി പ്രൊസ്പെക്റ്റ്സ് ഓഫ് ഇസ്‌ലാം' (The Prospects of Islam) എന്ന ഗ്രന്ഥത്തിൽ മുസ്‌ലിംകളെ പരിഹസിച്ചുകൊണ്ടിങ്ങനെ എഴുതി: "ഇസ്‌ലാമിന്റെ സിവിൽ-ക്രിമിനൽ നിയമങ്ങൾ പഴഞ്ചനും അപ്രായോഗികവുമാണെന്നുകണ്ട് ഇന്ത്യയിൽ ഞങ്ങളതിനെ ദുർബലപ്പെടുത്തുകയും മുസ്‌ലിംകൾക്ക് അവരുടെ 'പേഴ്സനൽ ലാ' മാത്രം അനുവദിക്കുകയും ചെയ്തപ്പോൾ അവർക്കത് തികച്ചും അരോചകമായി തോന്നി. കാരണം, അതുമൂലം അവരുടെ നിലപാട്, ഇസ്‌ലാമിക ഭരണത്തിൽ ഒരു കാലത്ത് 'ദിമ്മി'കൾക്കുണ്ടായിരുന്ന നിലപാടായിത്തീരുമായിരുന്നു. എന്നാൽ ഇന്നാകട്ടെ, ഇന്ത്യൻ മുസ്‌ലിംകൾ അതിഷ്ടപ്പെട്ടുവെന്നല്ല, മുസ്‌ലിം ഗവൺമെന്റുകൾതന്നെയും പ്രസ്തുത വിഷയത്തിൽ ഞങ്ങളെ അനുകരിച്ചിരിക്കുന്നു. തുർക്കിയും അൽബേനിയയുമാണെങ്കിൽ അവിടന്നും മുമ്പോട്ടുകടന്ന് വിവാഹം, വിവാഹമോചനം, അനന്തരാവകാശം എന്നിവയുടെ നിയമങ്ങളിൽപോലും ഞങ്ങളുടെ മാനദണ്ഡങ്ങൾക്കൊത്ത് 'പരിഷ്കരണങ്ങൾ' വരുത്തിയിരിക്കുകയാണ്! 'നിയമത്തിന്റെ ഉദ്ഭവസ്ഥാനം ദൈവഹിതമാണെ'ന്ന മുസ്‌ലിംകളുടെ വിഭാവനം ഒരു 'വിശുദ്ധ കെട്ടുകഥ' (Pious fiction) യിൽ കവിഞ്ഞ മറ്റൊന്നുമായിരുന്നില്ലെന്ന വസ്തുത ഇപ്പോൾ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞിരിക്കുന്നു!" ലോക മുസ്‌ലിംകൾ മിക്കവാറും സംഘടിതമായിത്തന്നെ ഇസ്‌ലാമിനെതിരിൽ നല്കിക്കൊണ്ടിരിക്കുന്ന കർമസാക്ഷ്യമാണിത്! നാവുകൊണ്ട് നാം എന്തുതന്നെ പറയട്ടെ, ഈ ദീനിന്റെ യാതൊരു പരി

പാടിയും നമുക്കിഷ്ടമല്ലെന്നും അതിന്റെ യാതൊരു നിയമത്തിലും നമ്മുടെ വിജയമോക്ഷങ്ങൾ കാണുന്നില്ലെന്നുമാണ് നമ്മുടെ സാമൂഹിക കർമം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്.

നാം ചെയ്തുപോരുന്ന, ഈ സത്യം മറച്ചുവെക്കലിന്റെയും കള്ള സാക്ഷ്യത്തിന്റെയും അനന്തരഫലമായി ഇത്തരം കടുത്ത അപരാധ ങ്ങൾക്ക് ദൈവിക നിയമത്തിൽ നിശ്ചയിച്ച ശിക്ഷയേതോ അതുതന്നെ നമുക്ക് അനുഭവിക്കേണ്ടതായി വന്നിരിക്കുന്നു. ഒരു ജനത അല്ലാഹു വിന്റെ അനുഗ്രഹത്തെ തള്ളിക്കളയുകയും തങ്ങളുടെ സ്രഷ്ടാവിനോട് ധിക്കാരം പ്രവർത്തിക്കുകയും ചെയ്യുന്നപക്ഷം അല്ലാഹു അവരെ ഇഹ ലോകത്തും പരലോകത്തും ശിക്ഷിക്കുന്നതാണ്. യഹൂദൻമാരെ സംബ ന്ധിച്ചിടത്തോളം അല്ലാഹുവിന്റെ ഈ നടപടിക്രമം പൂർത്തിയായിക്കഴി ഞ്ഞിട്ടുണ്ട്. ഇപ്പോൾ നമ്മളാണ് പ്രതിക്കൂട്ടിൽ നില്ക്കുന്നത്. ഈ കുറ്റ ത്തിന് യഹൂദന്മാരെ മാത്രം ശിക്ഷിക്കാൻ, അല്ലാഹുവിന് അവരോട് യാതൊരു വ്യക്തിവിദ്വേഷവുമുണ്ടായിരുന്നില്ല. അതേ അപരാധം നാം പ്രവർത്തിച്ചിട്ടും ശിക്ഷയിൽനിന്ന് രക്ഷപ്പെടുവാൻ, അല്ലാഹുവിന് നമ്മോട് പ്രത്യേക ബന്ധവുമില്ല. വാസ്തവത്തിൽ നാം സത്യസാക്ഷ്യ നിർവഹണത്തിൽ എത്രകണ്ട് വീഴ്ചവരുത്തുകയും അസത്യസാക്ഷ്യ ത്തിൽ നമ്മുടെ കാലടികൾ എത്രവേഗത്തിൽ മുന്നോട്ട് നീങ്ങുകയും ചെയ്തുവോ, അതേ തോതനുസരിച്ച് നാം അധഃപതിച്ചുപോന്നു. കഴിഞ്ഞ ഒരു നൂറ്റാണ്ടിനുള്ളിൽ മൊറോക്കോ മുതൽ ഇന്തോനേഷ്യ വരെ നിരവധി നാടുകൾ നമ്മുടെ കൈയിൽനിന്ന് വഴുതിപ്പോയി. മുസ്ലിം ജനത ഒന്നൊന്നായി പരാജിതരും ഭരണീയരുമായി മാറി. അന്തസ്സുറ്റതും അഭിമാനകരവുമായിരുന്ന 'മുസ്ലിം' എന്ന നാമം ഹീനത്വത്തിന്റെയും അധഃപതനത്തിന്റെയും ചിഹ്നമായി രൂപാന്തരപ്പെട്ടു. ലോകത്ത് യാതൊരു അഭിമാനവും നമുക്കായവശേഷിച്ചിട്ടില്ല. ചിലേടങ്ങളിൽ നമ്മിൽപ്പെട്ടവർ കൂട്ടക്കൊലയ്ക്ക് വിധേയരായി. ചിലേടങ്ങളിൽ നാം സ്വഗൃഹങ്ങ ളിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടു. വേറെ ചിലേടങ്ങളിൽ ഹീനമായ ശിക്ഷ നമുക്കനുഭവിക്കേണ്ടിവന്നു. ഇനിയും ചിലേടങ്ങളിൽ ദാസ്യവൃത്തിക്കു വേണ്ടി മാത്രം നാം ജീവനോടെ നിറുത്തപ്പെട്ടു. ഇനി മുസ്ലിംകൾക്ക് തങ്ങളുടേതായ വല്ല ഗവൺമെന്റും വല്ലേടത്തും അവശേഷിപ്പുണ്ടെങ്കിൽ അവിടെ അവർ പരാജയങ്ങൾക്ക് മീതെ പരാജയങ്ങൾ അനുഭവിക്കേ ണ്ടിവരുന്നു. ഇന്നവർ വൈദേശിക ശക്തികളെ ഭയപ്പെട്ട് വിറകൊള്ളുക യാണ്. വാസ്തവമാകട്ടെ, അവർ വാക്കും കർമവും മുഖേന ഇസ്ലാ മിന് സാക്ഷ്യം വഹിക്കുന്നവരായിരുന്നെങ്കിൽ 'അസത്യ'ത്തിന്റെ കൊടി വാഹകർ അവരെ ഭയന്ന് വിറയ്ക്കുമായിരുന്നു. ദൂരെപ്പോകേണ്ടതില്ല,

ഇന്ത്യയിൽതന്നെ നമ്മുടെ അവസ്ഥ എന്തെന്ന് നോക്കൂ. സത്യസാക്ഷ്യത്തിൽ നാം കുറ്റകരമായ അനാസ്ഥ കാണിച്ചു. അല്ല, വാക്കും കർമവും വഴി സത്യത്തിനെതിരിൽ സാക്ഷ്യം വഹിച്ചു. അനന്തരഫലമായി ഓരോ പ്രദേശവും നമ്മുടെ കൈയിൽനിന്ന് നഷ്ടപ്പെട്ടു. ആദ്യം മറാഠികളും സിക്കുകാരും നമ്മെ ചവിട്ടിമെതിച്ചു. പിന്നീട് ബ്രിട്ടീഷുകാരുടെ അടിമത്തം നമ്മുടെ മേൽ അടിച്ചേൽപിക്കപ്പെട്ടു. ഇപ്പോഴാകട്ടെ, പില്ക്കാലങ്ങളിലെ മർദനങ്ങളെല്ലാം വിസ്മരിക്കുമാറ് ഭയാനകങ്ങളായ കടുത്ത യാതനകൾ നമ്മെ അഭിമുഖീകരിച്ചിരിക്കുന്നു. ഇന്ന് നമ്മുടെ കൺമുന്നിലുള്ള ഏറ്റവും വലിയ പ്രശ്നം ഭൂരിപക്ഷ -ന്യൂനപക്ഷ പ്രശ്നമാണ്. ഹിന്ദുഭൂരിപക്ഷം നമ്മെ അടിമകളാക്കിയേക്കുമോ, ഇവിടത്തെ അധഃകൃത സമുദായങ്ങൾ അനുഭവിച്ചുകഴിഞ്ഞ അതേ ദാരുണ പരിണാമം നമുക്കും കാണേണ്ടിവന്നേക്കുമോ എന്നോർത്ത് നാം നടുങ്ങുകയാണ്! എന്നാൽ, നാം ഇസ്‌ലാമിന്റെ നിഷ്കളങ്ക സാക്ഷികളായിരുന്നുവെങ്കിൽ നമുക്ക് ഭയപ്പെടത്തക്ക വല്ല ഭൂരിപക്ഷവും ഇവിടെ ഉണ്ടാകുമായിരുന്നോ എന്ന് ദൈവത്തെ മുൻനിറുത്തി നിങ്ങളൊന്ന് ചിന്തിച്ചു നോക്കുക. വാക്കും പ്രവൃത്തിയും വഴി ഇസ്‌ലാമിന് സാക്ഷ്യം വഹിക്കുന്നവരായി ഇന്ന് നാം മാറുന്നപക്ഷം ഈ ന്യൂനപക്ഷ- ഭൂരിപക്ഷ പ്രശ്നം ഏതാനും വർഷങ്ങൾക്കുള്ളിൽ തനിയെ അവസാനിച്ചു പോകയില്ലേ?

അറേബ്യയിൽ ലക്ഷത്തിലൊന്നു മാത്രം വരുന്ന ചെറിയൊരു ന്യൂനപക്ഷത്തെ ഭൂമുഖത്തുനിന്ന് നിശ്ശേഷം നശിപ്പിക്കുവാൻ കടുത്ത അക്രമികളും മുഴുത്ത പക്ഷപാതികളുമായ ഭൂരിപക്ഷം കച്ചകെട്ടിപ്പുറപ്പെട്ടു. എന്നാൽ, പ്രസ്തുത ന്യൂനപക്ഷം ഇസ്‌ലാമിന് നിഷ്കളങ്ക സാക്ഷ്യം വഹിക്കുക വഴി പത്തു കൊല്ലത്തിനുള്ളിൽ നൂറുക്കുനൂറും എന്നു പറയാവുന്ന തരത്തിൽ ബഹുഭൂരിപക്ഷമായി. അനന്തരം ആ ഇസ്‌ലാമിന്റെ സാക്ഷികൾ അറേബ്യയിൽനിന്ന് പുറത്തുകടന്നപ്പോൾ 25 വർഷങ്ങൾക്കുള്ളിൽ തുർക്കിസ്ഥാൻ മുതൽ മൊറോക്കോ വരെ ജനകോടികൾ അവരുടെ സത്യസാക്ഷ്യത്തിൽ വിശ്വസിച്ചു മുന്നോട്ടുവന്നു. നൂറു ശതമാനം മജൂസികളും ബിംബാരാധകരും ക്രൈസ്തവരും നിവസിച്ചുവന്നിരുന്ന പ്രദേശങ്ങളിൽ, നൂറുശതമാനം മുസ്‌ലിംകൾ അധിവസിച്ചുതുടങ്ങി. വല്ല വാശിയോ ശാഠ്യമോ വർഗീയ പക്ഷപാതമോ മതപരമായ സങ്കുചിത വീക്ഷണഗതിയോ ഒന്നുംതന്നെ സത്യത്തിന്റെ സജീവവും നിഷ്കളങ്കവുമായ സാക്ഷ്യത്തിനു മുമ്പിൽ അടിയുറച്ചു നില്ക്കാൻ മാത്രം ശക്തങ്ങളായിട്ടില്ല. എന്നിരിക്കെ, ഇന്ന് നാം ചവിട്ടിത്തേക്കപ്പെടുന്നുണ്ടെങ്കിൽ- നാളെ ഇതിലും കഠിനമായ ചവിട്ടേല്ക്കുമെന്ന് ഭയപ്പെടുന്നുണ്ടെങ്കിൽ- അത് സത്യത്തെ മറച്ചുവെക്കുകയും കള്ളസാക്ഷ്യം വഹിക്കുകയും

ചെയ്തതിന്റെ ശിക്ഷയല്ലാതെ മറ്റെന്താണ്?

പ്രസ്തുത അപരാധത്തിന് ഇഹലോകത്തു വെച്ചുതന്നെ നമുക്ക് കിട്ടിയ ശിക്ഷയാണിത്. പരലോകത്താണെങ്കിൽ, അതികഠോരമായ ശിക്ഷയെക്കുറിച്ച് ഭയപ്പെടേണ്ടിയിരിക്കുന്നു. സത്യസാക്ഷികളെന്ന നിലയ്ക്ക് നമ്മുടെ കർത്തവ്യങ്ങളും ചുമതലകളും നാം ശരിക്കു നിർവഹിക്കാത്ത കാലത്തോളം, ഭൂമുഖത്തെങ്ങും ദുരാചാരങ്ങളും ദുർമാർഗങ്ങളും അക്രമ മർദനങ്ങളും ദുർവൃത്തികളും നടമാടിക്കൊണ്ടിരിക്കുന്നതിന്റെ ഭാരിച്ച ബാധ്യതകളിൽനിന്ന് നമുക്കൊരിക്കലും ഒഴിവാകുക സാധ്യമല്ല. പ്രസ്തുത തിന്മകൾ സൃഷ്ടിച്ചതിനുള്ള ഉത്തരവാദിത്വം നമുക്കില്ലെങ്കിലും, അവ ജന്മമെടുത്തതിനുള്ള കാരണങ്ങളവശേഷിപ്പിക്കുകയും അവയെ വളർന്ന് വികസിക്കാനനുവദിക്കുകയും ചെയ്തതിന് തീർച്ചയായും നാം ഉത്തരവാദികളാണ്!

മാന്യരേ, മുസ്‌ലിംകളെന്ന നിലയ്ക്ക് നാം ചെയ്യേണ്ടത് എന്തായിരുന്നു? ചെയ്തുകൊണ്ടിരിക്കുന്നത് എന്താണ്? അവയുടെ ദുരന്തഫലങ്ങൾ എങ്ങനെയൊക്കെയാണ് നാം അനുഭവിച്ചുകൊണ്ടിരിക്കുന്നത്? ഇത്രയും പ്രസ്താവിച്ചതിൽനിന്ന് നിങ്ങൾ ഇവ ഗ്രഹിച്ചിരിക്കും. വിഷയത്തിന്റെ യാഥാർഥ്യത്തെക്കുറിച്ച് ഈ വീക്ഷണകോണിലൂടെ ചിന്തിക്കുന്ന പക്ഷം, ഇന്ത്യയിലും മറ്റു നാടുകളിലും ഏതേത് പ്രശ്നങ്ങളെ ഇന്ന് മുസ്‌ലിംകൾ തങ്ങളുടെ സാമുദായിക ജീവിതത്തിന്റെ സാക്ഷാൽ പ്രശ്നങ്ങളായി കണക്കാക്കിയിരിക്കുന്നുവോ, ഏതിന്റെ പരിഹാരത്തിനായി കുറച്ചൊക്കെ സ്വന്തം ബുദ്ധി കണ്ടുപിടിച്ചതും കൂടുതലായി അന്യരിൽനിന്ന് കണ്ടുപഠിച്ചതുമായ മാർഗങ്ങളുപയോഗിച്ച് തീവ്രയത്നം ചെയ്തുകൊണ്ടിരുന്നുവോ അത്തരം പ്രശ്നങ്ങളൊന്നുംതന്നെ അവരുടെ സാക്ഷാൽ പ്രശ്നങ്ങളല്ലെന്നും, അവയുടെ പരിഹാരാർഥം സമയം, കഴിവ്, ധനം എന്നിവ ചെലവഴിച്ചു കൊണ്ടിരിക്കുന്നതത്രയും പാഴ്‌വേല മാത്രമാണെന്നും നിങ്ങൾക്ക് സ്വയം വ്യക്തമാകുന്നതാണ്. അധികാരവും ആധിപത്യവുമുള്ള ഭൂരിപക്ഷത്തിനിടയിൽ നിന്നുകൊണ്ട് ഒരു ന്യൂനപക്ഷം അതിന്റെ അസ്തിത്വവും അവകാശ താൽപര്യങ്ങളും എങ്ങനെ സുരക്ഷിതമാക്കണം? ഒരു ഭൂരിപക്ഷം അതിന്റെ പരിധിക്കുള്ളിൽ ഭൂരിപക്ഷമാണെന്ന അടിസ്ഥാനത്തിൽ തങ്ങൾക്ക് ലഭിക്കേണ്ട ആധിപത്യം എങ്ങനെ കരസ്ഥമാക്കണം? ഭരണീയരായ സമുദായം, ഭരിക്കുന്ന ഒരു സമുദായത്തിന്റെ ആധിപത്യത്തിൽനിന്ന് എങ്ങനെ സ്വതന്ത്രമാകും? ബലഹീനമായ സമുദായം ഭരിക്കുന്ന ഒരു സമുദായത്തിന്റെ ആധിപത്യത്തിൽനിന്ന് എങ്ങനെ സ്വതന്ത്രമാകും? ബലഹീനമായ സമുദായം ഏതെ

ങ്കിലും പ്രബലസമുദായത്തിന്റെ കൈയേറ്റത്തിൽനിന്ന് തങ്ങളെ എങ്ങനെ രക്ഷപ്പെടുത്തണം? ലോകത്തിലെ പ്രബല സമുദായങ്ങൾക്ക് ലഭിച്ച അഭിവൃദ്ധിയും ശക്തിയും ഐശ്വര്യവും പിന്നോക്ക സമുദായങ്ങൾ എങ്ങനെ കരസ്ഥമാക്കണം? ഇതും ഇതുപോലുള്ള മറ്റനേകം പ്രശ്നങ്ങളും അമുസ്ലിംകളെ സംബന്ധിച്ചിടത്തോളം തീർച്ചയായും പ്രാധാന്യമുള്ളവ തന്നെ; എന്നല്ല, പ്രഥമസ്ഥാനം അർഹിക്കുന്നവതന്നെയും ആകാം. അവരുടെ മുഴുവൻ ശ്രദ്ധയും പരിശ്രമവും അത്തരം പ്രശ്നങ്ങളിൽ കേന്ദ്രീകൃതമാവുകയും ചെയ്തേക്കാം. എന്നാൽ, മുസ്ലിംകളായ നമ്മെ സംബന്ധിച്ചിടത്തോളം ഇവയൊന്നും നമ്മുടെ സ്ഥിരം പ്രശ്നങ്ങളല്ല; പ്രത്യുത, നമ്മുടെ സാക്ഷാൽ കർത്തവ്യങ്ങൾക്കുനേരെ നാം അനുവർത്തിച്ചു പോന്ന, ഇന്നുമനുവർത്തിച്ചുപോരുന്ന അശ്രദ്ധയുടെയും അവഗണനയുടെയും തിക്തഫലങ്ങൾ മാത്രമാണിത്. നമ്മുടെ സാക്ഷാൽ ജോലി നാം നിർവഹിച്ചുപോന്നിരുന്നെങ്കിൽ ഇത്രയധികം സങ്കീർണവും അസ്വാസ്ഥജനകവുമായ വിഷമപ്രശ്നങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളമുദ്ഭവിക്കുമായിരുന്നില്ല. ഇന്നു നാം പ്രസ്തുത പ്രശ്നങ്ങളുടെ കാട് വെട്ടിത്തെളിക്കുന്നതിൽ നമ്മുടെ കഴിവുകൾ വ്യയം ചെയ്യുന്നില്ല. നമ്മുടെ മുഴുവൻ ശ്രദ്ധയും ത്യാഗപരിശ്രമങ്ങളും കൃത്യനിർവഹണത്തിൽ കേന്ദ്രീകരിക്കുന്നപക്ഷം, നമുക്കെന്നല്ല, മുഴുലോകത്തിനും പരിഭ്രമജനകമായ ഈ പ്രശ്നങ്ങൾ സ്വയം പരിഹൃതങ്ങളായിത്തീരുമെന്ന് കാണാവുന്നതാണ്. ലോകത്തിന്റെ സംസ്കരണത്തിനും സംവിധാനത്തിനും ഉത്തരവാദപ്പെട്ടവർ നമ്മളായിരുന്നു; നമ്മുടെ കർത്തവ്യ നിർവഹണത്തിൽ നാം ഉപേക്ഷ വരുത്തി; ഫലമോ ലോകം മുൾക്കാടുകളാൽ ആവൃതമായി. മുള്ളുകളേറെ നിറഞ്ഞ ഭാഗം നമ്മുടെ ഓഹരിയിൽ വിധിക്കപ്പെടുകയും ചെയ്തു!

മുസ്ലിം മതനേതാക്കളും രാഷ്ട്രീയാചാര്യന്മാരും ഈ പ്രശ്നം ഗ്രഹിക്കാൻ ശ്രമിക്കുന്നില്ലെന്നത് എത്ര പരിതാപകരം! മറിച്ച്, 'നിങ്ങളുടെ സാക്ഷാൽ പ്രശ്നങ്ങൾ' ഇതേ ന്യൂനപക്ഷ-ഭൂരിപക്ഷത്തിന്റെയും ദേശസ്വാതന്ത്ര്യത്തിന്റെയും സമുദായ സംരക്ഷണത്തിന്റെയും ഭൗതിക പുരോഗതിയുടെയും പ്രശ്നങ്ങളാണെന്ന് അവർ മുസ്ലിംകളെ പറഞ്ഞു ധരിപ്പിക്കുകയാണ്. എന്നിട്ട് അവയുടെ പരിഹാരാർഥം തങ്ങൾ അമുസ്ലിംകളിൽനിന്നു പഠിച്ച ഉപായങ്ങൾതന്നെ മുസ്ലിംകൾക്കവർ നിർദേശിച്ചു കൊടുക്കുകയും ചെയ്യുന്നു. എന്നാൽ, ദൈവാസ്തികൃത്തിൽ ഞാൻ വിശ്വസിക്കുന്നത്രതന്നെ എനിക്കുറപ്പുണ്ട്, തികച്ചും അബദ്ധനേതൃത്വമാണവർ മുസ്ലിംകൾക്ക് നല്കിക്കൊണ്ടിരിക്കുന്നതെന്ന്. ഈ മാർഗ

ങ്ങളിലൂടെ ചലിച്ച് നിങ്ങൾക്കൊരിക്കലും വിജയസങ്കേതത്തിലെത്തിച്ചേരുക സാധ്യമല്ല. ഞാൻ നിങ്ങളുടെ കടുത്ത ദ്രോഹിയായിരിക്കും, ഈ പരിതഃസ്ഥിതിയിൽ നിങ്ങളുടെ സാക്ഷാൽ ജീവിതപ്രശ്നമെന്തെന്ന് കലവറ കൂടാതെ ഞാൻ നിങ്ങൾക്ക് വ്യക്തമാക്കിത്തരുന്നില്ലെങ്കിൽ. എന്റെ വിശ്വാസമനുസരിച്ച്, നിങ്ങളുടെ വർത്തമാനവും ഭാവിയും ഒരേയൊരു ചോദ്യത്തോട് ബന്ധപ്പെട്ടിരിക്കുന്നു. ദൈവദൂതൻ മുഖേന നിങ്ങൾക്ക് ലഭിച്ച സന്മാർഗത്തോട് അതുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾ മുസ്‌ലിംകളെന്ന് പറയപ്പെടുന്നത്; നിങ്ങളിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, പ്രസ്തുത ബന്ധം കാരണം ലോകത്ത് ഇസ്‌ലാമിന്റെ പ്രതിനിധികളായി നിങ്ങൾ ഗണിക്കപ്പെടുകയും ചെയ്യുന്നു. ആ സന്മാർഗത്തോട് എന്ത് നയമാണ് നിങ്ങളനുവർത്തിക്കുന്നത്? ഇതാണാ ചോദ്യം! പ്രസ്തുത സന്മാർഗത്തെ നിങ്ങൾ ശരിക്കനുഗമിക്കുകയും വാക്കും പ്രവർത്തനവും വഴി അതിന് സാക്ഷ്യം വഹിക്കുകയും, നിങ്ങളുടെ സാമൂഹികചര്യയിൽ മുഴുവൻ ഇസ്‌ലാമും മുറയ്ക്ക് പ്രതിഫലിപ്പിക്കപ്പെട്ടു തുടങ്ങുകയുമാണെങ്കിൽ, നിസ്സംശയം നിങ്ങൾ ഇഹലോകത്ത് പ്രതാപശാലികളും പരലോകത്ത് വിജയശ്രീലാളിതരുമായി ഭവിക്കും, തീർച്ച. ഇന്നു നിങ്ങളുടെ തലയ്ക്കു മീതെ തൂങ്ങുന്ന ഭയത്തിന്റെയും ദുഃഖത്തിന്റെയും ദൈന്യതയുടെയും പരാജയത്തിന്റെയും അടിമത്തത്തിന്റെയും കരാളമേഘങ്ങൾ ചില വർഷങ്ങൾക്കകം അകന്നുമാറുന്നതുമാണ്. നിങ്ങളുടെ സത്യബോധനവും സച്ചരിതങ്ങളും ഹൃദയ-മസ്തിഷ്കങ്ങളെ കീഴടക്കിക്കൊണ്ടേ പോവും. നിങ്ങളെക്കുറിച്ചുള്ള മതിപ്പും വിശ്വാസവും ലോകത്ത് വേരുറയ്ക്കും; നീതിയുടെ പ്രതീക്ഷകൾ നിങ്ങളോട് മാത്രം ബന്ധിക്കപ്പെടും; ലോകത്തിന്റെ വിശ്വാസം നിങ്ങളുടെ വിശ്വസ്തതയിലും സത്യസന്ധതയിലും മാത്രമായിരിക്കും; നിങ്ങളുടെ വാക്ക് പ്രമാണമായിരിക്കും; നന്മ നിങ്ങളിൽനിന്ന് മാത്രം പ്രതീക്ഷിക്കപ്പെടും. അസത്യത്തിന്റെ ആചാര്യന്മാർക്ക് നിങ്ങളുടെ മുമ്പിൽ യാതൊരു നിലയും അവശേഷിക്കുന്നതല്ല; അവരുടെ എല്ലാ തത്ത്വശാസ്ത്രങ്ങളും രാഷ്ട്രീയ-സാമ്പത്തിക സിദ്ധാന്തങ്ങളും നിങ്ങളുടെ സത്യതക്കും സന്മാർഗത്തിനും മുമ്പിൽ കേവലം കള്ളനാണയങ്ങളായി തള്ളപ്പെടും. അവരുടെ ക്യാമ്പിൽ കാണപ്പെടുന്ന ശക്തിസന്നാഹങ്ങളെല്ലാം അടർന്നടർന്ന് ഇസ്‌ലാമിന്റെ ക്യാമ്പിലേക്ക് പ്രവഹിക്കും. അങ്ങനെ ഒരു കാലം വരും; അന്ന് കമ്യൂണിസം മോസ്കോവിൽതന്നെ രക്ഷാമാർഗം കാണാതെ പരിഭ്രമിക്കും. മുതലാളിത്ത ഡെമോക്രസി വാഷിംഗ്ടണിലും ന്യൂയോർക്കിലും പോലും അഭയസ്ഥാനമില്ലാതെ കുഴങ്ങും. ഭൗതികവാദം ലണ്ടനിലെയും പാരീസിലെയും യൂനിവേഴ്സിറ്റികളിൽ ഇടം ലഭിക്കാതെ ഉഴലും. വർഗീയതത്വത്തിലും വംശപാ

രമ്പര്യ മഹത്ത്വത്തിലും വിശ്വസിക്കുന്നവരെ ബ്രാഹ്മണരിലും ജർമൻകാരിലും കൂടി കണ്ടെത്തുന്നതല്ല. ഇസ്‌ലാം പോലുള്ള അജയ്യവും സാർവത്രികവുമായ ശക്തിയുടെ വാഹകർ ഒരു കാലത്ത് 'മൂസായുടെ വടി' കക്ഷത്തിൽ വെച്ച് കൊള്ളിക്കഷണങ്ങളും കയറുകളും കണ്ട് വിഹ്വലരാകാൻ മാത്രം വിഡ്ഢികളായിരുന്നുവെന്ന കഥ ചരിത്രത്തിലെ ഗുണപാഠമായി മാത്രം അവശേഷിക്കും. നാം ഇസ്‌ലാമിന്റെ നിഷ്കളങ്ക സേവകരും നിസ്വാർഥ സാക്ഷികളുമായിരിക്കുമ്പോൾ മാത്രമേ ഇങ്ങനെ ഒരു ഭാവി നമുക്കു പ്രതീക്ഷിച്ചുകൂടൂ. മറിച്ചാണ് നമ്മുടെ നയമെങ്കിൽ നമ്മുടെ ഇഹലോകം ശരിപ്പെടുകയില്ലെന്നു മാത്രമല്ല, പരലോകവും എന്നെന്നേക്കുമായി നഷ്ടപ്പെടും. എന്താണ് ആ നയങ്ങൾ?

അല്ലാഹു നല്കിയ സന്മാർഗം സംബന്ധിച്ച് നിക്ഷേപം കാക്കുന്ന സർപ്പത്തെപ്പോലെ, സ്വയം ഉപയോഗപ്പെടുത്തുകയോ മറ്റുള്ളവർക്ക് ഉപയോഗപ്പെടുവാൻ അനുവദിക്കുകയോ ചെയ്യാത്ത നിലപാട് സ്വീകരിക്കുക. സ്വയം മുസ്‌ലിംകളെന്ന് വാദിച്ച് ഇസ്‌ലാമിന്റെ പ്രതിനിധികളായി ചമയുന്നുവെങ്കിലും വാക്കും പ്രവൃത്തിയും വഴി പൊതുവിൽ ജാഹിലിയ്യത്തിനും ശിർകിനും ഭൗതിക പൂജക്കും ധാർമിക അരാജകത്വത്തിനും സാക്ഷ്യം വഹിക്കുക. വിശുദ്ധ ഗ്രന്ഥത്തെ കെട്ടിപ്പൂട്ടിവെച്ച് മാർഗദർശനത്തിന് കുഫ്ർ കേന്ദ്രങ്ങളെയും ദുർമാർഗസങ്കേതങ്ങളെയും സമീപിക്കുക. നാവുകൊണ്ട് ദൈവത്തിനുള്ള അടിമത്തം വാദിക്കുമെങ്കിലും ഫലത്തിൽ സകല പിശാചിനും 'ത്വാഗൂത്തി'നും അടിമവൃത്തി ചെയ്തുകൊണ്ടിരിക്കുക. മൈത്രിയും ശത്രുതയുമെല്ലാം സ്വദേഹത്തിനും സ്വാർഥത്തിനും വേണ്ടിയാണെങ്കിലും ഇസ്‌ലാമിനെ ഒരു കക്ഷിയെന്നോണം അതിലേക്ക് വലിച്ചിഴച്ച് സ്വജീവിതത്തിന് ഇസ്‌ലാമിന്റെ അനുഗ്രഹങ്ങൾ നഷ്ടപ്പെടുത്തുക. മാത്രമല്ല; അതിന്റെ നേരേ ലോകത്തിന് അറപ്പും വെറുപ്പും ജനിപ്പിക്കുവാനും ശ്രമിക്കുക. അതിന്റെയൊക്കെ അനന്തരഫലം അല്ലാഹുവിന്റെ സനാതന നടപടിയനുസരിച്ച്, ഇന്ന് നാം അനുഭവിക്കുന്ന അതേ ദുരവസ്ഥ മാത്രമായിരിക്കും. ഭാവി ഇതിലും ഭയാനകമായിരിക്കുക എന്നതും വിദൂരമല്ല. ഇസ്‌ലാമിന്റെ ലേബൽ മാറ്റി പരസ്യമായിത്തന്നെ കുഫ്ർ കൈക്കൊള്ളുന്ന പക്ഷം, ചുരുങ്ങിയത് അമേരിക്കയുടെയും റഷ്യയുടെയും ബ്രിട്ടന്റെയും ഇഹലോകം പുരോഗമിച്ചതുപോലെ നിങ്ങളുടെ ഇഹലോകവും പുരോഗമിച്ചേക്കും; എന്നാൽ, മുസ്‌ലിം ആയി ജനിക്കുകയും മുസ്‌ലിംകളല്ലാതെ വർത്തിക്കുകയും അല്ലാഹുവിന്റെ ദീനിന് കള്ള പ്രാതിനിധ്യം വഹിച്ച് ലോകത്തിന് സന്മാർഗകവാടം കൊട്ടിയടയ്ക്കുകയും ചെയ്യുക എന്ന ഈ ഭയങ്കര കുറ്റം ഇഹലോകത്തുതന്നെ നിങ്ങളെ

ഉയരാൻ അനുവദിക്കുന്നതല്ല. ഈ അപരാധത്തിന് വിശുദ്ധ ഖുർആനിൽ മുദ്രിതമായിട്ടുള്ള ശിക്ഷയിൽനിന്ന്- അതിന്റെ സജീവ ദൃഷ്ടാന്തമായി ജൂതസമുദായം നിങ്ങളുടെ മുമ്പിലുണ്ട്- ഒഴിഞ്ഞുമാറുക ഒരു വിധത്തിലും നിങ്ങൾക്ക് സാധ്യവുമല്ല. നിങ്ങൾ ഏകസമുദായവാദമാകുന്ന എളുപ്പ മാർഗം സ്വീകരിച്ചാലും പ്രത്യേക സാമുദായികത്വം അംഗീകരിച്ച് അവകാശങ്ങൾ വെച്ചുവാങ്ങിയാലും ഫലം ഒന്നുതന്നെ. പ്രസ്തുത ശിക്ഷ തടുക്കുവാനുള്ള മാർഗം നിങ്ങളാ കുറ്റത്തിൽനിന്ന് വിരമിക്കുക ഒന്നുമാത്രമാണ്.

ഇനി, ജമാഅത്തെ ഇസ്‌ലാമി എന്തുദ്ദേശ്യത്തോടുകൂടിയാണ് രംഗപ്രവേശം ചെയ്തിട്ടുള്ളതെന്ന് ചുരുക്കത്തിൽ നിങ്ങളെ അറിയിക്കുവാൻ ഞാനുദ്ദേശിക്കുന്നു. തങ്ങളുടെ ദീനായി ഇസ്‌ലാമിനെ അംഗീകരിക്കുന്ന സകല ജനങ്ങളോടും ഞങ്ങൾക്കുള്ള പ്രബോധനം, പ്രസ്തുത ദീനിനെ യഥാർഥത്തിൽതന്നെ തങ്ങളുടെ ദീനായി അംഗീകരിക്കണമെന്നാണ്. വ്യക്തിപരമായി സ്വജീവിതത്തിലും സാമൂഹികമായി തങ്ങളുടെ വീട്, കുടുംബം, സൊസൈറ്റി, വിദ്യാലയങ്ങൾ, സാഹിത്യം, പത്രം, കച്ചവടം, സാമ്പത്തിക ഇടപാടുകൾ, സംഘടനകൾ, സാമുദായിക സ്ഥാപനങ്ങൾ എന്നിവകളിലും പൊതുവേ തങ്ങളുടെ സാമുദായികനയത്തിലും ഫലത്തിൽതന്നെ അവരതിനെ സ്ഥാപിക്കണം. തങ്ങളുടെ വാക്കും പ്രവൃത്തിയും വഴി ലോകത്തിന്റെ മുമ്പിൽ അവരതിന് നിഷ്കളങ്കമായി സാക്ഷ്യം വഹിക്കുകയും വേണം. മുസ്‌ലിംകളോട് ഞങ്ങൾ പറയുന്നു: മുസ്‌ലിംകളെന്ന നിലയ്ക്ക് ദീനിനെ സ്ഥാപിക്കലും സത്യത്തിന് സാക്ഷ്യം വഹിക്കലും നിങ്ങളുടെ ജീവിതത്തിന്റെ സാക്ഷാലുദ്ദേശ്യമാണ്; തന്നിമിത്തം അത്, നിങ്ങളുടെ എല്ലാ വിധ അധ്വാന പരിശ്രമങ്ങളുടെയും കേന്ദ്രവും അച്ചുതണ്ടുമായിരിക്കണം. അതിന് വിരുദ്ധവും ഇസ്‌ലാമിനെ തെറ്റായി പ്രതിനിധീകരിക്കുന്നതുമായ സകല വാക്കുകളിൽനിന്നും പ്രവൃത്തികളിൽനിന്നും നിങ്ങൾ പൂർണമായും വിരമിക്കണം; ഇസ്‌ലാമിനെ മുമ്പിൽവച്ചുകൊണ്ട് നിങ്ങളുടെ മുഴുവൻ വാക്കുകളെയും കർമങ്ങളെയുംകുറിച്ച് പുനഃപരിശോധന നടത്തണം; ദീൻ അതിന്റെ പൂർണരൂപത്തിൽ അതിന്റെ കർമരംഗത്ത് സ്ഥാപിതമാവുകയും അതിന്റെ സാക്ഷ്യം ശരിക്കും മുറയ്ക്കും പൂർത്തിയാവുകയും ലക്ഷ്യപൂർത്തീകരണത്തിന് മതിയാകത്തക്കവിധം ലോകത്തിനു മുമ്പിൽ അതിനെ സമർപ്പിക്കുകയും ചെയ്യുകയെന്ന മാർഗത്തിൽ മുഴുവൻ ത്യാഗപരിശ്രമങ്ങളും നിങ്ങളർപ്പിക്കണം.

ഇതത്രേ ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപനത്തിന്റെ ഏക

ഉദ്ദേശ്യം. ഈ ഉദ്ദേശ്യപൂർത്തീകരണത്തിന് നാം സ്വീകരിച്ച മാർഗം, ആദ്യമായി മുസ്‌ലിംകളെ അവരുടെ കർത്തവ്യങ്ങൾ അനുസ്മരിപ്പിക്കുകയും, ഇസ്‌ലാം എന്തെന്നും അതിന്റെ താൽപര്യങ്ങളെന്തൊക്കെയാണെന്നും മുസ്‌ലിമാകുന്നതിന്റെ അർഥമെന്തെന്നും മുസ്‌ലിമാകുന്നതോടെ എന്തൊക്കെ ഉത്തരവാദിത്വങ്ങളാണ് മനുഷ്യന്റെ മേൽ വന്നുചേരുന്നതെന്നും അവരെ വ്യക്തമായി അറിയിക്കുകയുമാണ്.

ഈ സംഗതികൾ മനസ്സിലാക്കിയ ജനങ്ങളെ പിന്നീട് നാം അറിയിക്കുന്നതിതാണ്: ഇസ്‌ലാമിന്റെ മുഴുവൻ താൽപര്യങ്ങളും വ്യക്തിപരമായി മാത്രം പൂർത്തീകരിക്കുക സാധ്യമല്ല. അതിന് സംഘടിത പരിശ്രമം തന്നെ ആവശ്യമാണ്. ദീനിന്റെ നന്നേ കുറഞ്ഞൊരു ഭാഗംമാത്രമാണ് വ്യക്തിജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്നത്. അത് നിങ്ങൾ സ്ഥാപിച്ചാൽതന്നെയും മുഴുവൻ ദീനും സ്ഥാപിതമാവുകയില്ല. മുഴുവൻ ദീനിന്റെയും സാക്ഷ്യനിർവഹണം പൂർത്തിയാവുകയുമില്ല. എന്നല്ല, സാമൂഹിക ജീവിതത്തിൽ കുഫ്ർ വ്യവസ്ഥയാണ് ആധിപത്യം ചെലുത്തുന്നതെങ്കിൽ വ്യക്തിജീവിതത്തിന്റെ തന്നെ മിക്ക വശങ്ങളിലും ദീനിനെ സ്ഥാപിക്കുക അസാധ്യമായിരിക്കും; സാമൂഹിക വ്യവസ്ഥയുടെ ആക്രമണം വ്യക്തിപരമായ ഇസ്‌ലാമിക ജീവിത പരിധികളെ ദിനംപ്രതി കുടുസ്സാക്കിക്കൊണ്ടേ പോകുന്നതുമാണ്. അതിനാൽ, മുഴുവൻ ദീനും സ്ഥാപിക്കുവാനും അതിന് ശരിക്ക് സാക്ഷ്യം വഹിക്കുവാനും സംഘടിത പരിശ്രമം തികച്ചും അനിവാര്യമാകുന്നു. മുസ്‌ലിംകളാകുന്നതിനാൽ വന്നുചേരുന്ന ഉത്തരവാദിത്വങ്ങളെക്കുറിച്ച് ശരിക്ക് ബോധമുള്ളവരും അവ നിർവഹിക്കുവാൻ ആത്മാർഥമായി ഉദ്ദേശിക്കുന്നവരുമായ സകല ജനങ്ങളും സംഘടിച്ചേ തീരൂ. സംഘടിത മാർഗേണ ദീനിനെ ഫലത്തിൽ സ്ഥാപിക്കുവാനും ലോകത്തെ അതിലേക്ക് ക്ഷണിക്കുവാനും അവർ പരിശ്രമിക്കണം; 'ഇഖാമതുദ്ദീനി'ന്റെയും സത്യപ്രബോധനത്തിന്റെയും മാർഗം തടസ്സപ്പെടുത്തുന്ന എല്ലാ പ്രതിബന്ധങ്ങളും അവർ തട്ടിനീക്കണം-ഇതുകൊണ്ടാണ് ദീനിൽ സംഘടന നിർബന്ധമാക്കപ്പെട്ടിരിക്കുന്നത്. ദീനിന്റെ സ്ഥാപനത്തിനും സത്യപ്രബോധനത്തിനും വേണ്ടിയുള്ള പരിശ്രമത്തിന്റെ ക്രമം, ആദ്യം ഒരു സുസംഘടിത പാർട്ടി നിലവിൽവരികയും പിന്നീട് അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗപരിശ്രമങ്ങൾ അർപ്പിക്കുകയും ചെയ്യുക എന്നതായിരിക്കണം. ഇതുകൊണ്ടുതന്നെയാണ് സംഘടന കൂടാതെയുള്ള ജീവിതത്തെ ജാഹിലിയ്യാ ജീവിതത്തിന്റെയും സംഘടനയിൽനിന്ന് വേറിട്ടു നിലകൊള്ളുന്നതിനെ ഇസ്‌ലാമുമായി ബന്ധം മുറിക്കുന്നതിന്റെയും പര്യായമായി കണക്കാക്കപ്പെട്ടിരിക്കു

ന്നതും.*

ഈ യാഥാർഥ്യം ഗ്രഹിക്കുകയും തദ്ഫലമായി, ദീനിന്നുവേണ്ടി സ്വന്തം വ്യക്തിത്വവും ആത്മപൂജയും ബലികഴിച്ച് സംഘടനാ വ്യവസ്ഥയ്ക്ക് വിധേയരാകത്തക്കവണ്ണം, ഉത്തരവാദിത്വബോധം ശക്തിപ്പെടുകയും ചെയ്യുന്ന ജനങ്ങളോട് ഞങ്ങൾക്ക് പറയാനുള്ളതിതാണ്: ഇപ്പോൾ നിങ്ങളുടെ മുമ്പിൽ മൂന്ന് മാർഗങ്ങളുണ്ട്; അവയിൽ നിങ്ങൾക്കിഷ്ടമുള്ള ഏതു മാർഗം സ്വീകരിക്കുവാനും പൂർണ സ്വാതന്ത്ര്യമുണ്ട്. അതായത് ഞങ്ങളുടെ പ്രബോധനം, ആദർശം, ലക്ഷ്യം, സംഘടനാ

* താഴെ ഉദ്ധരിക്കുന്ന നബിവചനമാണിവിടെ സൂചിതം:

انا أمركم بخمس الله أمرني بهن الجماعة، والسمع، والطاعة، والهجرة، والجهاد في سبيل الله فانه من خرج من الجماعة قيد شبر فقد خلع ربقة الإسلام من عنقه الا ان يراجع ومن دعا بدعوى جاهلية فهو من جثا جهنم قالوا: يا رسول الله وان صام وصلى؟ قال وان صام وصلى وزعم أنه مسلم (أحمد، حاكم)

(ഞാൻ നിങ്ങളോട് അഞ്ച് കാര്യങ്ങൾ കല്പിക്കുന്നു. അല്ലാഹുവാണ് അതെന്നോട് കല്പിച്ചത്: സംഘടിക്കുക. (നേതാവിന്റെ) ആജ്ഞാനിർദേശങ്ങൾ ശ്രവിക്കുക. അനുസരിക്കുക. അല്ലാഹുവിനായി (വേണ്ടിവന്നാൽ) സ്വദേശം ത്യജിക്കുക. ദൈവമാർഗത്തിൽ സമരം ചെയ്യുക. ഒരാൾ സംഘടനയിൽനിന്ന് ഒരു ചാൺ വിട്ടകന്നുപോയാൽ -സംഘടനയിലേക്ക് മടങ്ങിവന്നില്ലെങ്കിൽ- ഇസ്‌ലാമിന്റെ ബന്ധത്തെ തന്റെ കഴുത്തിൽനിന്ന് അവൻ പൊട്ടിച്ചെറിഞ്ഞു. ജാഹിലിയ്യത്തിലേക്ക് (ഭിന്നിപ്പിലേക്കും സംഘടനാരാഹിത്യത്തിലേക്കും) ക്ഷണിക്കുന്നവൻ നരകവാസിയാണ്. സ്വഹാബിമാർ ചോദിച്ചു: 'അവൻ നോമ്പനുഷ്ഠിക്കുകയും നമസ്കരിക്കുകയും ചെയ്താലും (നരകവാസിതന്നെയാണോ?)' തിരുമേനി അരുൾ ചെയ്തു: 'അതെ. അവൻ നമസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും മുസ്‌ലിമെന്ന് വാദിക്കുകയും ചെയ്താലും (നരകവാസി തന്നെ)."

ഈ നബിവചനത്തിൽ മൂന്ന് സംഗതി വ്യക്തമാകുന്നു:

1. ആദ്യമായി സംഘടന നിലവിൽവരുകയും എല്ലാ വ്യക്തികളും നേതൃത്വത്തെ സർവാത്മനാ അനുസരിക്കും എന്ന അവസ്ഥ സംജാതമാക്കുക. പിന്നീട് പരിതഃസ്ഥിതിയും സന്ദർഭവും ആവശ്യപ്പെടുകയാണെങ്കിൽ 'ഹിജ്റ'യുടെയും 'ജിഹാദി'ന്റെയും മാർഗം കൈക്കൊള്ളുക- ഇതാണ് ഇസ്‌ലാമിക പ്രവർത്തനത്തിന്റെ ശരിയായ ക്രമം.

2. സംഘടനയിൽനിന്നുള്ള വേർപാട് ഇസ്‌ലാമിൽനിന്നുള്ള വേർപാടിനു തുല്യമാണ്. ആരും ആരെയും അനുസരിക്കാതിരുന്ന, ഇസ്‌ലാമിനു മുമ്പത്തെ 'ജാഹിലിയ്യാ' ജീവിതത്തിലേക്ക് മനുഷ്യൻ തിരിച്ചുപോകുകയെന്നാണതിന്റെ അർഥം.

3. ഇസ്‌ലാമിന്റെ മിക്ക താൽപര്യങ്ങളും സാക്ഷാൽ ഉദ്ദേശ്യങ്ങളും സംഘടനയും സംഘടിത പരിശ്രമങ്ങളും വഴിക്കേ പൂർത്തീകരിക്കാനാവൂ. അതിനാൽ, സംഘടനയിൽനിന്ന് വിട്ടുപോകുന്നവനെ-അവൻ നമസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും മുസ്‌ലിമെന്ന് വാദിക്കുകയും ചെയ്യുന്നതോടൊപ്പം- ഇസ്‌ലാമിൽനിന്ന് പുറത്തുകടന്നവനായി നബിതിരുമേനി കണക്കാക്കിയിരിക്കുന്നു. ഇതേ ഹദീസിന്റെ വിശദീകരണമായാണ്

لا إسلام إلاّ بالجماعة (جامع بيان العلم لابن عبد البر)

(സംഘടന കൂടാതെ ഇസ്‌ലാമില്ല) എന്ന് ഉമറുബ്നുൽ ഖത്ത്വാബ്(റ) പറഞ്ഞിട്ടുള്ളത്.

വ്യവസ്ഥ, പ്രവർത്തനമാർഗം എന്നിവയെല്ലാം സാക്ഷാൽ ഇസ്‌ലാമിക മാണെന്നും ഖുർആനും സുന്നതുമനുസരിച്ച് മുസ്‌ലിം സമുദായത്തിന്റെ സാക്ഷാൽ കർത്തവ്യമേതോ അത് നിർവഹിക്കുവാനാണ് ഞങ്ങൾ ഒരുങ്ങിപ്പുറപ്പെട്ടിട്ടുള്ളതെന്നും നിങ്ങളുടെ ഹൃദയം സാക്ഷ്യം വഹിക്കുന്നുവെങ്കിൽ ഞങ്ങളുടെ കൂടെ വരുക. ഇനി വല്ല കാരണവശാലും ഞങ്ങളിൽ നിങ്ങൾക്ക് സംതൃപ്തിയില്ലാതെ വരുകയും സാക്ഷാൽ ഇസ്‌ലാമിക ലക്ഷ്യത്തിനുവേണ്ടി, ഇസ്‌ലാമിക മാർഗത്തിലൂടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മറ്റേതെങ്കിലും സംഘടന നിങ്ങളുടെ ദൃഷ്ടിയിലുണ്ടായിരിക്കുകയുമാണെങ്കിൽ അതിൽ ചേർന്നു പ്രവർത്തിക്കുക; അത്തരം ഒരു സംഘടന ദൃഷ്ടിയിൽ പെട്ടിരുന്നുവെങ്കിൽ ഞങ്ങൾതന്നെയും അതിൽ പ്രവേശിച്ചിരുന്നേനെ! കാരണം 'ഞങ്ങളുടെ ശകലം ഇഷ്ടിക കൊണ്ട് വേറിട്ടൊരു പള്ളി നിർമിക്കണ'മെന്ന കമ്പമൊന്നും ഞങ്ങൾക്കില്ല. ഇനി ഞങ്ങളുടെ പാർട്ടിയിലോ മറ്റു പാർട്ടികളിലോ ഒന്നും നിങ്ങൾക്ക് വിശ്വാസം വരുന്നില്ലെങ്കിൽ ഇസ്‌ലാമിക കർത്തവ്യ നിർവഹണാർഥം നിങ്ങൾ സ്വയം ഒരുങ്ങിപ്പുറപ്പെടേണ്ടിയിരിക്കുന്നു. സമ്പൂർണ ദീനിനെ സംസ്ഥാപിക്കുകയും, വാക്കും പ്രവൃത്തിയും വഴി ഇസ്‌ലാമിന് സാക്ഷ്യം വഹിക്കുകയും ചെയ്യുകയെന്ന ലക്ഷ്യം അംഗീകരിച്ചുകൊണ്ടുള്ള ഒരു സംഘടന ഇസ്‌ലാമിക മാർഗമനുസരിച്ച് നിങ്ങൾ സ്വയം രൂപീകരിക്കേണ്ടിയിരിക്കുന്നു. ഈ മൂന്ന് മാർഗങ്ങളിൽ ഏതൊന്നു നിങ്ങളവലംബിച്ചാലും ദൈവാനുഗ്രഹത്താൽ സത്യമാർഗത്തിൽതന്നെയായിരിക്കും. ഞങ്ങളുടേത് മാത്രമാണ് 'സത്യസംഘം' എന്നോ ഞങ്ങളുടെ സംഘടനയിലല്ലാത്തവർ അസത്യമാർഗത്തിലാണെന്നോ ഞങ്ങളൊരിക്കലും വാദിച്ചിട്ടില്ല. സുബോധമുള്ള കാലത്തോളം അങ്ങനെ വാദിക്കുക സാധ്യവുമല്ല. ജനങ്ങളെ ഞങ്ങളുടെ പാർട്ടിയിലേക്ക് ഞങ്ങളൊരിക്കലും ക്ഷണിച്ചിട്ടില്ല; മുസ്‌ലിംകളെന്ന നിലയ്ക്ക് ഞങ്ങളുടെയും നിങ്ങളുടെയും മേൽ അർപ്പിതമായ ഭാരിച്ച ബാധ്യത നിർവഹിക്കുന്നതിലേക്ക് വരുക എന്നു മാത്രമാണ് ഞങ്ങളുടെ ക്ഷണം. ആ കർത്തവ്യം നിങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുന്ന പക്ഷം- ഞങ്ങളുമായി സഹകരിച്ചു കൊണ്ടാണെങ്കിലും അല്ലെങ്കിലും- നിങ്ങൾ സത്യത്തിലാണ്. എന്നാൽ, കർത്തവ്യ നിർവഹണത്തിനു സ്വയം മുന്നോട്ട് വരാതിരിക്കുകയും മറ്റാരെങ്കിലും മുന്നോട്ട് വന്നാൽ അവരുമായി സഹകരിക്കാതിരിക്കുകയും കുതർക്കങ്ങൾ പറഞ്ഞും കുതന്ത്രങ്ങളുപയോഗിച്ചും ബാലിശമായ ഒഴികഴിവുകളുയർത്തിപ്പിടിച്ചും 'ഇഖാമതുദ്ദീനി'ന്റെയും സത്യസാക്ഷ്യ നിർവഹണത്തിന്റെയും കർത്തവ്യത്തിൽനിന്ന് സൂത്രത്തിൽ ഒഴിഞ്ഞു മാറുകയാണ് നിങ്ങൾ ചെയ്യുന്നതെങ്കിൽ, സത്യദീനിനു പകരം മറ്റു വല്ല വ്യവസ്ഥയും സ്ഥാപി

ക്കുന്നതിനും ഇസ്‌ലാമിനു പകരം മറ്റു വല്ലതിനും വാക്കും പ്രവർത്തനവും വഴി സാക്ഷ്യം വഹിക്കുന്നതിനുമാണ് നിങ്ങളുടെ കഴിവുകൾ ദുർവ്യയം ചെയ്യുന്നതുമെങ്കിൽ അതൊരു വിധത്തിലും ശരിയായിരിക്കില്ല. ഇഹലോകവും അതിന്റെ ആൾക്കാരും മാത്രമായിട്ടാണ് നമുക്കിടപെടേണ്ടിയിരുന്നതെങ്കിൽ തന്ത്രങ്ങളും തട്ടിപ്പുകളും വഴി കാര്യം നേടാൻ നോക്കാമായിരുന്നു. എന്നാൽ, നമുക്കിടപെടേണ്ടത് ഹൃദയ രഹസ്യങ്ങളറിയുന്ന സർവജ്ഞനായ അല്ലാഹുവുമായിട്ടാണ്. അവനെ വഞ്ചിക്കുവാനോ തെറ്റിദ്ധരിപ്പിക്കുവാനോ സാധ്യമല്ല!

ഒരേ ലക്ഷ്യത്തിനും ഒരേ പ്രവർത്തനത്തിനുമായി വിവിധ സംഘടനകൾ ഉടലെടുക്കുകയെന്നത് പ്രത്യക്ഷത്തിൽ തെറ്റായി തോന്നിയേക്കാമെന്നതിൽ സംശയമില്ല. ഛിദ്രതയ്ക്കും കുഴപ്പത്തിനും ധാരാളം പഴുതുള്ളതുമാണത്. പക്ഷേ, ഇസ്‌ലാമിന്റെ സാമൂഹികഘടന താറുമാറായിക്കഴിയുകയും പ്രശ്നം ആ വ്യവസ്ഥയെ നടത്തുകയെന്നതല്ല, പുനഃസ്ഥാപിക്കുകയെന്നതായിത്തീരുകയും ചെയ്യുമ്പോൾ, മുസ്‌ലിം സമുദായം ഒന്നടങ്കം ഉൾക്കൊണ്ടുള്ള അൽജമാഅത്ത്- ഓരോ മുസ്‌ലിമിനും പ്രവേശനം നിർബന്ധമായിട്ടുള്ള, വിട്ടുനില്ക്കൽ 'ജാഹിലിയ്യതി'നും വിട്ടുപോരൽ മുർത്തദ്ദാകലിനും തുല്യമായിട്ടുള്ള അഖില ലോക ഇസ്‌ലാമിക ജമാഅത്ത്- പ്രാരംഭത്തിൽതന്നെ പ്രത്യക്ഷത്തിൽ വരുക ഒരിക്കലും സാധ്യമല്ല. ആദ്യമാദ്യം ഓരോ പ്രദേശത്തും ഓരോ സംഘടനകൾ തദാവശ്യാർഥം രൂപീകൃതമായി സ്വന്തം നിലയ്ക്ക് പ്രവർത്തിച്ചുപോരുകയല്ലാതെ ഗത്യന്തരമില്ല. ഒടുവിൽ ഈ സംഘടനകളെല്ലാം ഒന്നായിത്തീരും. സ്വാർഥം, തീവ്രവാദം, ഭൗതികതാൽപര്യം എന്നീ മാലിന്യങ്ങളിൽനിന്ന് പരിശുദ്ധനായി ആത്മാർഥതയോടുകൂടി സാക്ഷാൽ ഇസ്‌ലാമിക ലക്ഷ്യം പ്രാപിക്കാൻ ഇസ്‌ലാമിക മാർഗത്തിൽക്കൂടി പ്രവർത്തിക്കുന്നുവെങ്കിൽ, സത്യമാർഗത്തിൽ ചലിക്കുന്നവർക്ക് അധികകാലം അകന്നുനില്ക്കുക സാധ്യമല്ല. സത്യം ഇന്നല്ലെങ്കിൽ നാളെ അവരെ കൂട്ടിയിണക്കുക തന്നെ ചെയ്യും. കാരണം, സത്യത്തിന്റെ പ്രകൃതി ആവശ്യപ്പെടുന്നതുതന്നെ സംഘടന, ഇണക്കം, രഞ്ജിപ്പ്, ഐക്യം എന്നിവയാണ്. സത്യത്തോടൊന്നിച്ച് സ്വല്പം അസത്യം കലരുകയോ പുറത്ത് സത്യത്തിന്റെ പ്രദർശനവും അകത്ത് അസത്യം പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുമെങ്കിൽ മാത്രമേ ഭിന്നിപ്പും കുഴപ്പവും പൊട്ടിപ്പുറപ്പെടുകയുള്ളൂ.

ഇനി, ഞങ്ങളുടെ ഈ സംഘടനയെ ഇഷ്ടപ്പെട്ട് അതിൽ പ്രവേശിക്കുന്ന ജനങ്ങളോട് ഞങ്ങളെന്താണ് ആവശ്യപ്പെടുന്നത്? ഞങ്ങളുടെ പക്കൽ അവർക്ക് എന്ത് ജോലിയാണുള്ളത്? ഓരോ മുസ്‌ലിമിനോടും

ഇസ്‌ലാം ആവശ്യപ്പെടുന്നതിൽ കവിഞ്ഞ് യാതൊന്നും അംഗങ്ങളോട് ഞങ്ങൾക്കാവശ്യപ്പെടുവാനില്ല. ഇസ്‌ലാമിന്റെ സാക്ഷാൽ ആവശ്യങ്ങളിൽ ഒരണുവോളമെങ്കിലും ഞങ്ങൾ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നില്ല. മുഴുവൻ ഇസ്‌ലാമിനെ യാതൊരു ഏറ്റക്കുറവും കൂടാതെ ഓരോ വ്യക്തിയുടെയും മുമ്പിൽ ഞങ്ങൾ സമർപ്പിക്കുന്നു; ഈ ദീനിനെ ബോധപൂർവം സ്വീകരിക്കണമെന്നും അതിന്റെ ആവശ്യങ്ങൾ പഠിച്ചറിഞ്ഞ് ശരിക്കും മുറയ്ക്കും നിർവഹിക്കണമെന്നും, ദീനിന്റെ വിധികൾക്കോ ആത്മാവിനോ വിരുദ്ധമായി വല്ലതും തങ്ങളുടെ ആശയാദർശങ്ങളിലോ വാക്കുകളിലോ പ്രവർത്തനങ്ങളിലോ സ്ഥലം പിടിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം നിശ്ശേഷം പുറത്തെറിഞ്ഞു കളയണമെന്നും, തങ്ങളുടെ മുഴുവൻ ജീവിതത്തിലും 'ഇസ്‌ലാമി'ന്ന് സാക്ഷ്യം വഹിക്കണമെന്നും ഞങ്ങളവരോട് ആവശ്യപ്പെടുകയും ചെയ്യുന്നു. ഇതത്രേ ഞങ്ങളുടെ പ്രവേശന ഫീസ്! ഞങ്ങളുടെ പാർട്ടിയംഗത്വത്തിനുള്ള നിയമവ്യവസ്ഥയും ഇതുതന്നെ. ഞങ്ങളുടെ ഭരണഘടനയും സംഘടനാവ്യവസ്ഥയും പ്രബോധന ലക്ഷ്യവുമെല്ലാം സകല ജനങ്ങളുടെയും മുമ്പിൽ തുറന്നു കിടപ്പുണ്ട്. സാക്ഷാൽ ഇസ്‌ലാമിൽ– ഖുർആന്റെയും സുന്നതിന്റെയും അസ്തിവാരത്തിൽ കെട്ടിയുയർത്തപ്പെട്ട ഇസ്‌ലാമിൽ– വല്ലതും ഞങ്ങൾ ഏറ്റുകയോ കുറയ്ക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് ആർക്ക് വേണമെങ്കിലും പരിശോധിച്ചുനോക്കാം. ഏതെങ്കിലും വിഷയത്തെക്കുറിച്ച്, അത് ഖുർആന്റെയും സുന്നതിന്റെയും ശിക്ഷണങ്ങളിൽ ഞങ്ങൾ കൂട്ടിച്ചേർത്തതാണെന്ന് ആർതന്നെ തെളിയിച്ചാലും, ഞങ്ങളിൽനിന്നതിനെ തള്ളിക്കളയുവാൻ ഏതവസരത്തിലും സന്നദ്ധരാണ്. അതുപോലെ ഖുർആന്റെയും സുന്നതിന്റെയും ശിക്ഷണത്തിലുള്ള ഒന്നും ഞങ്ങളുടെ പക്കലില്ലെന്ന് ആർ ചൂണ്ടിക്കാണിച്ചുതരുകയാണെങ്കിലും നന്ദിപൂർവം ഞങ്ങളത് കൈക്കൊള്ളും. എന്തുകൊണ്ടെന്നാൽ, മുഴുവൻ ദീനിനെയും യാതൊരു ഏറ്റക്കുറവും വരുത്താതെ സ്ഥാപിക്കുവാനും അതിനു സാക്ഷ്യം വഹിക്കുവാനുമാണ് ഞങ്ങൾ ഒരുങ്ങിപ്പുറപ്പെട്ടിരിക്കുന്നതെന്നിരിക്കെ, ഈ ലക്ഷ്യത്തിൽ ഞങ്ങൾ കപടന്മാരാണെന്നുവന്നാൽ ഞങ്ങളിൽപരം അക്രമികൾ മറ്റാരാണ്?

ഞങ്ങളുടെ സംഘടനാ വ്യവസ്ഥയിൽ പ്രവേശിക്കുന്നവർക്ക് ഞങ്ങളുടെ അടുക്കലുള്ള ഏക ജോലി, അവർ വാക്കും പ്രവർത്തനങ്ങളും വഴി ഇസ്‌ലാമിന് സാക്ഷ്യം വഹിക്കുകയും ഇസ്‌ലാമിക വ്യവസ്ഥിതി പൂർണരൂപത്തിൽ സ്ഥാപിക്കുവാനായി സംഘടിത പരിശ്രമം നടത്തുകയും അങ്ങനെ സത്യസാക്ഷ്യകർത്തവ്യം പൂർണമായി നിറവേറ്റുകയും ചെയ്യുകയെന്നതാണ്. വാക്കുമൂലമുള്ള സാക്ഷ്യത്തിന്റെ കാര്യമാണെ

ങ്കിൽ, തങ്ങളുടെ കഴിവും പ്രാപ്തിയുമനുസരിച്ച്, നാവുകൊണ്ടും പേന കൊണ്ടും ഇസ്‌ലാമിന് ഏറ്റവും യുക്തമായ സാക്ഷ്യം വഹിക്കാൻ സന്ന ദ്ധരാകത്തക്കവിധം അംഗങ്ങൾക്ക് ഞങ്ങൾ പരിശീലനം നല്കുന്നു. അഖില ജീവിത പ്രശ്നങ്ങളെക്കുറിച്ചുമുള്ള ഇസ്‌ലാമിക ശിക്ഷണങ്ങ ളുടെ സത്യതയും സവിശേഷതയും വിജ്ഞാന സാഹിത്യങ്ങളുടെ സകല വകുപ്പുകളിലും ലോകത്തിന് സംഘടിതമായി തുറന്നുകാ ണിക്കും. ഈ ആവശ്യാർഥം പ്രസിദ്ധീകരണ പ്രചാരണങ്ങളുടെ സാധ്യ മായ എല്ലാ മാർഗങ്ങളും ഉപയോഗപ്പെടുത്തുകയും ഇതിനുള്ള സ്ഥാപ നങ്ങൾ ഏർപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നു. കർമം വഴിക്കുള്ള സാക്ഷ്യമാണെങ്കിൽ, ഒന്നാമതായി ഓരോ വ്യക്തിയും ഇസ്‌ലാമിന്റെ സജീവ സാക്ഷിയായിത്തീരും. ഇസ്‌ലാം അതിന്റെ സാക്ഷാൽ ചൈത ന്യത്തോടുകൂടി പ്രവർത്തിക്കുന്നതായി കാണാൻ കഴിയുന്ന ഒരു സുസം ഘടിത സൊസൈറ്റി പ്രസ്തുത വ്യക്തികളാൽ ഉടലെടുത്ത് വളർന്നു വരികയും ചെയ്യും. പ്രസ്തുത സൊസൈറ്റി അതിന്റെ ത്യാഗപരിശ്രമ ങ്ങൾ വഴി നിഷിദ്ധ വ്യവസ്ഥകളുടെ അധികാരാധിപത്യമവസാനിപ്പിച്ച് ലോകത്ത് ഇസ്‌ലാമിന്റെ പൂർണ പ്രാതിനിധ്യം വഹിക്കുന്ന സത്യവ്യ വസ്ഥ സ്ഥാപിക്കുകയും ചെയ്യുകയെന്നതാണ് ഞങ്ങളുടെ പരിശ്രമ ഉന്നം.

മാന്യരേ, ഇതാണ് ഞങ്ങളുടെ ലക്ഷ്യം; ഇതത്രേ ഞങ്ങളുടെ പരി പാടി. ഇത് ഒരു മുസ്‌ലിമിന് ആക്ഷേപിക്കത്തക്ക വിഷയമായിത്തീർന്നേ ക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. എന്നാൽ, സംഭവിച്ചതിതാണ്: ഈ മാർഗത്തിൽ ഞങ്ങൾ കാലെടുത്തുവെച്ച ഒന്നാം ദിവസം മുതൽക്കു തന്നെ ആക്ഷേപാധിക്ഷേപങ്ങളുടെ ഒടുങ്ങാത്ത ഒരു ജലപ്രവാഹം ആർത്തിരമ്പിവരുകയാണ്!

എല്ലാ ആക്ഷേപങ്ങളും പരിഗണനാർഹങ്ങളല്ല; ഒരു പ്രസംഗത്തിൽ അവയെല്ലാം പ്രതിപാദിക്കുക സാധ്യവുമല്ല. അതിനാൽ, നിങ്ങളുടെ ഈ നഗരത്തിൽ തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കുവാനുപയോഗിക്കുന്ന ആക്ഷേപങ്ങളെക്കുറിച്ചു മാത്രമേ ഈ സന്ദർഭത്തിൽ ഞാൻ നിങ്ങളെ ഉണർത്തുവാനാഗ്രഹിക്കുന്നുള്ളൂ:

“നിങ്ങളുടെ ഈ ജമാഅത്ത്, ഇസ്‌ലാമിൽ പുതിയ കക്ഷിക്ക് അടി ത്തറ പാകുകയാണെ”ന്ന് ആക്ഷേപിക്കപ്പെടുന്നുണ്ട്. എന്നാൽ, കക്ഷി ത്വത്തിന്റെ സാക്ഷാൽ കാരണങ്ങൾ എന്തൊക്കെയാണെന്ന്, ആക്ഷേ പമുന്നയിക്കുന്നവർക്ക് ഒരുപക്ഷേ അറിവുണ്ടായിരിക്കില്ല. ദീനിൽ പാർട്ടി പിടിത്തവും കക്ഷിത്വവും സൃഷ്ടിച്ചുവിടുന്നതിന് പ്രേരകങ്ങളായ വസ്തു

ക്കളെല്ലാമെടുത്ത് പരിശോധിക്കുന്നപക്ഷം അവ നാലിനങ്ങളായി വിഭജിക്കാം. ഒന്ന്: സാക്ഷാൽ ദീനിൽ ഇല്ലാത്ത എന്തെങ്കിലുമൊന്ന് കൂട്ടിച്ചേർത്ത് അതിനെ കുഫ്റും ഈമാനും തമ്മിലുള്ള ഭിന്നിപ്പിനോ സന്മാർഗവും ദുർമാർഗവും തമ്മിലുള്ള വ്യത്യാസത്തിനോ അടിത്തറയാക്കുക. രണ്ട്: ദീനിലെ ഏതെങ്കിലുമൊരു പ്രത്യേക പ്രശ്നത്തിന്, കിതാബും സുന്നതുമനുസരിച്ച് അതിന് ലഭിച്ചിട്ടില്ലാത്ത പ്രാധാന്യം നല്കുകയും എന്നിട്ട് അതേ പ്രശ്നത്തെ കക്ഷിത്വത്തിന് അടിസ്ഥാനമാക്കുകയും ചെയ്യുക. മൂന്ന്: ഗവേഷണാത്മകവും ഇജ്തിഹാദീപരവുമായ പ്രശ്നങ്ങളിൽ അതിരുകവിയുകയും അത്തരം പ്രശ്നങ്ങളിൽ തങ്ങളുടേതല്ലാത്ത മാർഗങ്ങളവലംബിച്ചവരെ പിഴച്ചവരോ ഫാസിഖുകളോ കാഫിറുകളോ ആയി വിധികൽപിക്കുകയോ ചുരുങ്ങിയത് അവരോട് വിവേചനപരമായി പെരുമാറുകയോ ചെയ്യുക. നാല്: നബി(സ) തിരുമേനിക്ക് ശേഷമുള്ള ഏതെങ്കിലുമൊരാളുടെ പ്രത്യേക വ്യക്തിത്വത്തിൽ അതിരുകവിയുകയും, അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നത് ഈമാന്നും കുഫ്റിന്നും മാനദണ്ഡമായിത്തീരുന്ന വിധത്തിലുള്ള വല്ല സ്ഥാനപദവിയും അയാൾക്കുള്ളതായി വാദിക്കുകയും ചെയ്യുക. അല്ലെങ്കിൽ ഏതെങ്കിലുമൊരു സംഘടന, തങ്ങളിൽ പ്രവേശിച്ചവർ മാത്രമാണ് സത്യത്തിലെന്നും മറ്റു മുസ്ലിംകളെല്ലാം അസത്യത്തിലാണെന്നും വാദിക്കുക.

ഞാൻ ചോദിക്കുന്നു, പ്രസ്തുത നാലിനങ്ങളിൽ ഏതിനത്തിൽപെട്ട അബദ്ധമാണ് ഞങ്ങൾ പ്രവർത്തിച്ചിട്ടുള്ളത്? ഇന്ന ഇനത്തിൽ ഞങ്ങൾ തെറ്റു ചെയ്തിട്ടുണ്ടെന്ന് തെളിവുകൾ സഹിതം ആരെങ്കിലും ചൂണ്ടിക്കാണിച്ചുതരുന്ന പക്ഷം, ഞങ്ങൾ ഉടൻ പശ്ചാത്തപിച്ചു മടങ്ങുന്നതാണ്. തെറ്റുതിരുത്തി സ്വയം സംസ്കരിക്കുന്ന വിഷയത്തിൽ ഞങ്ങളൊരിക്കലും അലസന്മാരാവുകയില്ല. എന്തുകൊണ്ടെന്നാൽ കക്ഷിത്വവും ഭിന്നിപ്പും സൃഷ്ടിക്കുവാനല്ല, അല്ലാഹുവിന്റെ ദീൻ സ്ഥാപിക്കുവാനാണ് ഞങ്ങൾ പുറപ്പെട്ടിട്ടുള്ളത്. എന്നാൽ, അത്തരം യാതൊരബദ്ധവും ഞങ്ങൾ ചെയ്തിട്ടില്ലെങ്കിൽ, ഞങ്ങളുടെ പ്രവർത്തനങ്ങൾ വഴി കക്ഷിത്വം ഉടലെടുക്കുമെന്ന് ഭയപ്പെടുന്നതെങ്ങനെ?

സാക്ഷാൽ ഇസ്ലാം- ഏറ്റക്കുറവുകളില്ലാത്ത പൂർണ ഇസ്ലാം- കൈയിലെടുത്തുകൊണ്ടാണ് ഞങ്ങൾ പുറപ്പെട്ടിട്ടുള്ളത്. 'വരുവിൻ, നമുക്ക് ഒത്തുചേർന്ന് അതിനെ ഫലത്തിൽ സ്ഥാപിക്കുകയും ലോകത്തിന് മുമ്പിൽ അതിന് സാക്ഷ്യം വഹിക്കുകയും ചെയ്യുക' എന്ന് മാത്രമാണ് മുസ്ലിംകളോടുള്ള നമ്മുടെ പ്രബോധനം.

ദീനിന്റെ ഏതെങ്കിലുമൊരു പ്രശ്നത്തെയോ ചില പ്രശ്നങ്ങളെയോ അല്ല, മുഴുവൻ ദീനിനെയാണ് സംഘടനയുടെ അടിസ്ഥാനമായി ഞങ്ങൾ അംഗീകരിച്ചിട്ടുള്ളത്.

ഇജ്തിഹാദീപരമായ പ്രശ്നങ്ങളിൽ, ശരീഅത്തിന്റെ നിയമവ്യവസ്ഥയിൽ പഴുതുള്ള എല്ലാ 'മദ്ഹബു'കളും മാർഗങ്ങളും സത്യമെന്ന് ഞങ്ങൾ അംഗീകരിക്കുന്നു. പ്രസ്തുത മദ്ഹബുകളിൽ തനിക്ക് സംതൃപ്തി തോന്നുന്ന ഒന്നിനനുസരിച്ച് പ്രവർത്തിക്കാനുള്ള അവകാശം സ്വന്തം നിലയ്ക്ക് ഓരോരുത്തർക്കും ഞങ്ങൾ വകവെച്ചുകൊടുക്കുന്നുമുണ്ട്. എന്നാൽ, ഇജ്തിഹാദീപരമായ ഏതെങ്കിലുമൊരു പ്രത്യേക മാർഗത്തിന്റെ അടിസ്ഥാനത്തിൽ പാർട്ടിപിടിത്തവും കക്ഷിമാത്സര്യവും ഞങ്ങളനുവദിക്കുന്നതല്ല.

സ്വന്തം പാർട്ടിയെ സംബന്ധിച്ച് അതിരുകവിഞ്ഞ യാതൊരു വിശ്വാസവും ഞങ്ങൾ വെച്ചുപുലർത്തുന്നില്ല. സത്യം ഞങ്ങളുടെ പാർട്ടിക്കുള്ളിൽ മാത്രം പരിമിതമാണെന്ന് ഞങ്ങളൊരിക്കലും വാദിച്ചിട്ടുമില്ല. ഞങ്ങളുടെ കർത്തവ്യത്തെക്കുറിച്ച് ബോധംവന്നപ്പോൾ അത് നിർവഹിക്കുവാനായി ഞങ്ങൾ മുന്നോട്ട് വന്നുവെന്നേയുള്ളൂ. അതോടൊപ്പം നിങ്ങൾക്കുള്ള കർത്തവ്യം നിങ്ങളെ ഓർമിപ്പിക്കുകയും ചെയ്യുന്നു. ഞങ്ങളോടൊപ്പം ചേർന്നോ വേറിട്ടോ സംഘടിച്ചോ എങ്ങനെ വേണമെങ്കിലും നിങ്ങൾക്ക് കർത്തവ്യം നിർവഹിക്കാം; ഇനി മറ്റാരെങ്കിലും കർത്തവ്യം നിർവഹിക്കുന്നതായി കാണുന്നുണ്ടെങ്കിൽ നിങ്ങൾക്ക് അവരുമായി സഹകരിക്കാം. 'ഇമാറതി'(നേതൃത്വം)ന്റെ വിഷയത്തിലും അതിരുകവിഞ്ഞ നിലപാട് വെച്ചുപുലർത്തുന്നില്ല. ഏതെങ്കിലുമൊരു പ്രത്യേക വ്യക്തിത്വത്തെ അവലംബിച്ചുകൊണ്ടല്ല ഞങ്ങളീ പ്രസ്ഥാനവുമായി മുമ്പോട്ട് വന്നിട്ടുള്ളത്. ഇതിന്റെ നേതാവിന് ഏതെങ്കിലും ചില പ്രത്യേക പദവികൾ ഞങ്ങൾ വാദിക്കുന്നുമില്ല; അയാളെക്കുറിച്ച് മാഹാത്മ്യങ്ങളുടെയും വെളിപാടുകളുടെയും അദ്ഭുതകൃത്യങ്ങളുടെയും കഥകൾ പ്രചാരണം ചെയ്യപ്പെടുന്നുമില്ല. അയാളോടുള്ള വ്യക്തിവിശ്വാസത്തിനുമേൽ പാർട്ടി കെട്ടിപ്പടുക്കപ്പെട്ടിട്ടില്ല. ആ വ്യക്തിത്വത്തിലേക്ക് ക്ഷണിക്കപ്പെടുന്നുമില്ല. നേതാവിന്റെ പ്രവചനങ്ങൾ, സ്വപ്നങ്ങൾ, വെളിപാടുകൾ, അദ്ഭുതങ്ങൾ, മാഹാത്മ്യങ്ങൾ എന്നിവയെക്കുറിച്ചുള്ള ചർച്ചകളിൽ നിന്ന് ഞങ്ങളുടെ പ്രസ്ഥാനം തികച്ചും പരിശുദ്ധമാണ്. ഇവിടെ ക്ഷണം വ്യക്തിയിലേക്കോ വ്യക്തികളിലേക്കോ അല്ല, വിശുദ്ധഖുർആന്റെ നിർദേശമനുസരിച്ച ഓരോ മുസ്ലിമിന്റെയും ജീവിതലക്ഷ്യമേതോ ആ ലക്ഷ്യത്തിലേക്കാണ്; 'ഇസ്ലാം' എന്ന പേരിൽ അറിയപ്പെടുന്ന തത്ത്വസംഹിതയിലേക്കാണ്.

ഈ ലക്ഷ്യപ്രാപ്തിക്കായി, ഈ തത്ത്വങ്ങളനുസരിച്ച് ഞങ്ങളുമായി സഹ കരിച്ച് പ്രവർത്തിക്കാനുദ്ദേശിക്കുന്ന എല്ലാവരും ഞങ്ങളുടെ പാർട്ടിയിൽ സമനിലയിൽ അംഗങ്ങളാവുന്നു. ഈ അംഗങ്ങൾ തങ്ങളിൽനിന്ന് ഒരാളെ അമീറാ(നേതാവ്)യി തെരഞ്ഞെടുക്കുന്നു. 'ഇമാറത്' (നേതൃത്വം) അയാ ളുടെ വ്യക്തിപരമായ അവകാശമാണെന്ന നിലയ്ക്കല്ല, സംഘടിതമാ യുള്ള ഏതു പ്രവർത്തനത്തിനും ഒരു നേതാവ് കൂടിയേ കഴിയൂ എന്ന തുകൊണ്ടു മാത്രം. തിരഞ്ഞെടുക്കപ്പെട്ട ഈ അമീർ നീക്കം ചെയ്യപ്പെ ടാവുന്നതും സംഘടനയിലുള്ള മറ്റൊരു വ്യക്തി തൽസ്ഥാനത്തേക്ക് തെര ഞ്ഞെടുക്കപ്പെടാവുന്നതുമാണ്. ഈ അമീർ മുഴുവൻ മുസ്‌ലിം സമുദാ യത്തിന്റെയും അമീറല്ല; ഈ പാർട്ടിയുടെ മാത്രം അമീറാണ്. പാർട്ടിയി ലുൾപ്പെട്ടവർക്ക് മാത്രമേ അയാളെ അനുസരിക്കൽ നിർബന്ധമുള്ളൂ. അയാളുടെ കൈക്ക് 'ബൈഅതു' ചെയ്യാത്തവർ 'ജാഹിലിയ്യാ മരണം വരിക്കു'മെന്ന യാതൊരു ധാരണയും ഞങ്ങളുടെ ഹൃദയത്തിലില്ല.

ഞങ്ങളുടെ പ്രവർത്തനമാർഗം ഇതാണെങ്കിൽ, ഈ പ്രസ്ഥാനം വഴി സമുദായത്തിൽ ഒരു പുതിയ വർഗം എങ്ങനെയാണുടലെടുക്കുകയെന്ന് അല്ലാഹുവെ മുൻനിറുത്തിയൊന്ന് പറഞ്ഞുതന്നാലും! നൂറ്റാണ്ടുകളായി ഇതേ അബദ്ധങ്ങളിൽപെട്ട് കഴിയുന്ന ജനങ്ങളാണ് ഈ ആരോപണ ങ്ങൾ ഞങ്ങളുടെ നേർക്ക് തൊടുത്തുവിടുന്നതെന്നുള്ളതാണ് ഏറെ വിചി ത്രമായിട്ടുള്ളത്. അവർ കാരണം പാർട്ടിപിടിത്തവും കക്ഷിമത്സരവുമാ കുന്ന നാശം പടർന്നുപിടിക്കുന്നു; സ്വപ്നങ്ങളും വെളിപാടുകളും അദ്ഭു തകൃത്യങ്ങളുമാണ് അവരുടെ ചർച്ചാ വിഷയങ്ങൾ. തങ്ങളുടെ സകല പ്രവർത്തനങ്ങളും ഏതെങ്കിലുമൊരു 'ഹദ്റത്തി'നോടുള്ള വ്യക്തിവിശ്വാ സത്തിന്റെ അടിസ്ഥാനത്തിലാണ് തുടർന്നുപോരുന്നത്. ചില പ്രത്യേക വ്യക്തികൾക്ക് ചില പ്രത്യേക സ്ഥാനപദവികൾ അവർക്കിടയിൽ വാദി ക്കപ്പെടുന്നു. ശാഖാപരമായ പ്രശ്നങ്ങളിലുള്ള തർക്കവിതർക്കങ്ങളും വാദപ്രതിവാദങ്ങളും അവരിൽ സർവസാധാരണമാണ്. 'മദ്ഹബു'കളുടെ അടിസ്ഥാനത്തിൽ ചേരിപിരിച്ചിലും കക്ഷിമത്സരങ്ങളും നിത്യസംഭവ ങ്ങളാണ്. വെറുപ്പ് വിചാരിക്കുകയില്ലെങ്കിൽ ഞാൻ തുറന്നു പറയട്ടെ, അവരെ അരിശം കൊള്ളിച്ച സാക്ഷാൽ അപരാധം ഞങ്ങളെപ്പറ്റി അവർ പുറത്തുപറയുന്നതല്ല; പ്രത്യുത, അവരുടെ ഇച്ഛകൾക്ക് ഇഷ്ടമില്ലാത്ത സാക്ഷാൽ ദീനീപ്രവർത്തനങ്ങളിലേക്ക് ഞങ്ങൾ പ്രബോധനം നടത്തി യെന്നുള്ളതാണ്. അവരിതു വരെ കൈക്കൊണ്ട മാർഗങ്ങളുടെ അബദ്ധം നഗ്നമായി പുറത്തുവരാൻ ഇടയാക്കുന്നവിധം പ്രസ്തുത ജോലിക്കായി ഞങ്ങൾ ശരിയായ മാർഗം അവലംബിച്ചുവെന്നുള്ളതാണ്!

ഞങ്ങളോട് പറയപ്പെടുന്നു: "ദീനിനുവേണ്ടി പ്രവർത്തിക്കുകയാണ് നിങ്ങൾക്ക് വേണ്ടതെങ്കിൽ അത് സസന്തോഷം ചെയ്തുകൊള്ളുക; പക്ഷേ, അതിന്നായി ഒരു പ്രത്യേക സംഘടന ഒരു പ്രത്യേക പേരിൽ എന്തിന് സ്ഥാപിച്ചു? അതുവഴി സമുദായത്തിൽ പിളർപ്പുണ്ടാവുകയാണ് ചെയ്യുക." വാസ്തവത്തിൽ അതിവിചിത്രമായ ഒരാക്ഷേപമാണിത്. ഞാൻ അമ്പരക്കുകയാണ്. മതപരമായ കക്ഷിമത്സരങ്ങൾക്കും തനിഭൗതിക താൽപര്യങ്ങൾക്കും വേണ്ടി പാശ്ചാത്യൻ പ്രജായത്തരീതിയിലോ ഫാസിസ്റ്റ് സമ്പ്രദായത്തിലോ മുസ്‌ലിംകളുടെത്തന്നെ സംഘടനകൾ പ്രത്യേക പേരുകളോടുകൂടി ഉടലെടുക്കുകയാണെങ്കിൽ അത് ശാന്തമനസ്സോടെ സഹിച്ചുപോരുന്നു; എന്നാൽ, ദീനിന്റെ സാക്ഷാൽ പ്രവർത്തനങ്ങൾക്കായി തനി ഇസ്‌ലാമിക തത്ത്വങ്ങളനുസരിച്ച് വല്ല സംഘടനയും രൂപീകൃതമാവുന്നപക്ഷം ഉടൻ സമുദായത്തിൽ പിളർപ്പിന്റെയും ഭിന്നിപ്പിന്റെയും അപകടമണി മുഴങ്ങിത്തുടങ്ങുകയായി! സഹിക്കാൻ കഴിയാത്തതായി ഈയൊരു സംഘടനാ രൂപീകരണം മാത്രമേയുള്ളൂ! ഇതിൽനിന്ന് സംശയിക്കേണ്ടത്, ആക്ഷേപകർക്ക് യഥാർഥത്തിലുള്ള അമർഷം സംഘടനാ രൂപീകരണത്തോടല്ല, ദീനിന്റെ സാക്ഷാൽ ജോലി നിർവഹിക്കുന്നതിനായി സംഘടന രൂപീകരിക്കുന്നതിലാകുന്നു. എന്നിരുന്നാലും അത്തരക്കാരെ വിനയപൂർവം ഞാനുണർത്തുന്നു: സംഘടന ഉണ്ടാക്കുകയെന്ന ഈ അപരാധം ഒരു വിനോദമായിട്ടല്ല, നിർബന്ധിതരായിട്ടാണ് ഞങ്ങൾ ചെയ്തിട്ടുള്ളത്. സംഘടനാ രൂപീകരണത്തിനു മുമ്പ് പല വർഷങ്ങളോളം ഞാൻ ഒറ്റയ്ക്കുതന്നെ സമുദായത്തെ ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നുവെന്ന് എല്ലാവർക്കുമറിയാം. 'അല്ലയോ മുസ്‌ലിംകളേ, ഏതേത് മാർഗങ്ങളിലാണ് നിങ്ങളുടെ കഴിവുകളും പരിശ്രമങ്ങളും ദുർവ്യയം ചെയ്തുകൊണ്ടിരിക്കുന്നത്! നിങ്ങൾക്ക് പ്രവർത്തിക്കാനുള്ള സാക്ഷാൽ ജോലി ഇതാണ്: മുഴുവൻ ത്യാഗപരിശ്രമങ്ങളും ഇതൊന്നിൽ കേന്ദ്രീകരിക്കുക' എന്ന് ഞാനവരെ ഉണർത്തിക്കൊണ്ടേയിരുന്നു. ഈ ക്ഷണം എല്ലാ മുസ്‌ലിംകളും സ്വീകരിച്ചിരുന്നുവെങ്കിൽ മുസ്‌ലിംകളിൽ ഒരു പാർട്ടി എന്നതിനു പകരം മുസ്‌ലിംകളുടെ ഒരു പാർട്ടി രൂപീകൃതമാകുമായിരുന്നു. ചുരുങ്ങിയത്, ഇന്ത്യയെ സംബന്ധിച്ചേടത്തോളമെങ്കിലും സാക്ഷാൽ 'അൽജമാഅത്ത്'- ഏതൊന്നിന്റെ സാന്നിധ്യത്തിൽ മറ്റൊരു പാർട്ടി രൂപീകരിക്കുക ശരീഅത്തിന്റെ ദൃഷ്ടിയിൽ നിഷിദ്ധമാണോ ആ അൽജമാഅത്ത്- പ്രത്യക്ഷത്തിൽ വരുമായിരുന്നു. അഥവാ, മുസ്‌ലിംകളുടെ വിവിധ സംഘടനകളിൽ ഒന്നെങ്കിലും ആ പ്രബോധനം അംഗീകരിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിരുന്നുവെങ്കിൽ അതുകൊണ്ടെങ്കിലും ഞങ്ങൾ തൃപ്തിയടഞ്ഞു സസന്തോഷം അതിൽ പ്രവേശിക്കു

മായിരുന്നു. പക്ഷേ, വിളിച്ചു വിളിച്ചു ഞങ്ങൾ തളർന്നു; കേൾക്കാൻ ആരും സന്നദ്ധരായില്ല. അപ്പോൾ നിർബന്ധിതരായി ഞങ്ങൾ തീരുമാനിച്ചു, ഈ ജോലി സത്യമെന്നും നിർബന്ധമെന്നും ഗ്രഹിച്ചുകഴിഞ്ഞ ജനങ്ങൾ സ്വയം സംഘടിച്ച്, അതിനായി സാമൂഹിക പരിശ്രമം നടത്തണമെന്ന്. ഇതല്ലാതെ മറ്റെന്താണ് ഞങ്ങൾ ചെയ്യേണ്ടിയിരുന്നത്? ഈ ജോലി നിർബന്ധമാണെന്നതിനെ നിങ്ങൾ നിഷേധിക്കുന്നുവെങ്കിൽ അതിനുള്ള തെളിവൊന്നു കേൾക്കട്ടെ. ഇനി നിഷേധിക്കുന്നില്ലെങ്കിൽ, ഇന്ന് നിലവിലുള്ള വിവിധ സംഘടനകൾ ഇതേ കർത്തവ്യമാണോ വാസ്തവത്തിൽ നിർവഹിച്ചുകൊണ്ടിരിക്കുന്നത് എന്നൊന്ന് പറഞ്ഞു തന്നാലും. ഇതൊന്നുമല്ലെങ്കിൽ പിന്നെ കർത്തവ്യം മനസ്സിലാക്കി അത് നിർവഹിക്കുവാൻ മുന്നിട്ടിറങ്ങുന്നവരെ അപരാധികളായി ഗണിക്കാൻ മാത്രം നിങ്ങളിന്നു അധഃപതിച്ചുപോയിരിക്കയാണോ?

ഞങ്ങളുടെ നേരെ ഉന്നയിക്കപ്പെടുന്ന മറ്റൊരു ആക്ഷേപം, "നിങ്ങളുടെ നേതാവിന് അമീർ എന്ന വാക്ക് എന്തിന് സ്വീകരിച്ചു? പരമാധികാരമുള്ള ആൾക്കു മാത്രമേ 'അമീറെ'ന്നോ 'ഇമാമെ'ന്നോ പറയപ്പെടാവൂ" എന്നാണ്. ഈ വാദത്തിനുപോദ്ബലകമായി ചില ഹദീസുകളും എടുത്തുന്നയിക്കപ്പെടുന്നു. അതിന്റെ അടിസ്ഥാനത്തിൽ സമർഥിക്കപ്പെടുന്നു: 'ഇമാമത്' എന്നാൽ, ജ്ഞാനത്തിന്റെയോ നമസ്കാരത്തിന്റെയോ യുദ്ധത്തിന്റെയോ ഇമാമതാണ്; ഇത് മൂന്നുമല്ലാതെ 'ഇമാമതി'ന്റെ മറ്റൊരിനവും ശരീഅതിലില്ല എന്ന്. ഇസ്‌ലാമിക വ്യവസ്ഥിതി രാഷ്ട്രീയാധിപത്യഘട്ടത്തിൽ പ്രവേശിക്കുകയും പരമാധികാരമുള്ള 'ഇമാമത്ത്' സ്ഥാപിതമാവുകയും ചെയ്തിരുന്ന കാലത്തെ സംബന്ധിക്കുന്ന 'ഫിഖ്ഹും' ഹദീസുകളും മാത്രമേ ഈ ആക്ഷേപമുന്നയിക്കുന്നവർക്കറിയുകയുള്ളൂ. മുസ്‌ലിംകളുടെ സംഘടനയ്ക്ക് അധികാരശക്തി നഷ്ടപ്പെടുകയും ഇസ്‌ലാമിന്റെ സംഘടനാവ്യവസ്ഥ താറുമാറാവുകയും ചെയ്യുന്ന സന്ദർഭങ്ങളിലേക്കുള്ള ശരീഅത് വിധികളെന്തൊക്കെയെന്ന് അവർക്കറിഞ്ഞുകൂടാ. ഞാനവരോട് ചോദിക്കുന്നു, അത്തരം പരിതഃസ്ഥിതിയിൽ മുസ്‌ലിംകളിൽ ഓരോ വ്യക്തിയും ഒറ്റപ്പെട്ട് നിലകൊള്ളുകയും "അല്ലാഹുവേ, രാഷ്ട്രീയാധികാരമുള്ള ഒരു 'ഇമാമി'നെ അയച്ചുതരേണമേ" എന്ന് പ്രാർഥിച്ചുകൊണ്ടിരിക്കുകയുമാണോ വേണ്ടത്? അതല്ല, അത്തരം ഇമാമത് സ്ഥാപിക്കുവാൻ വല്ല സംഘടിത ശ്രമവും വേണ്ടതുണ്ടോ? ഉണ്ടെന്നുതന്നെയാണ് അവർ പറയുന്നതെങ്കിൽ സംഘടന രൂപീകരിക്കാതെ മറ്റു വല്ല സംഘടിത പരിശ്രമവും സാധ്യമാണോ എന്ന് അവർതന്നെ സദയം പറഞ്ഞുതരേണ്ടതാണ്. സംഘടനയുണ്ടാക്കാതെ ഗത്യന്തരമില്ലെന്ന് സമ്മതിക്കുന്നുവെങ്കിൽ, ഒരു നേതാവിനെ

ക്കൂടാതെ ഏതെങ്കിലും സംഘടന വ്യവസ്ഥാപിതമായി നടക്കുക സാധ്യ മാണോ? നേതാവിന്റെ ആവശ്യകതയും അവർ അംഗീകരിക്കുന്നുവെ ങ്കിൽ, ഇസ്‌ലാമിക ലക്ഷ്യത്തിനായി രൂപീകരിക്കപ്പെടുന്ന ഇസ്‌ലാമിക സംഘടനയുടെ നേതാവിന് ഇസ്‌ലാമിൽ എന്ത് സാങ്കേതികപദമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതെന്ന് അവർ ചൂണ്ടിക്കാണിച്ചുതന്നാൽ മതി. അവർ നിർദേശിക്കുന്ന സാങ്കേതികപദം ഏതായാലും– ഇസ്‌ലാമിക സാങ്കേ തികപദമാണെങ്കിൽ– ഞങ്ങളത് സ്വീകരിച്ചുകൊള്ളാം. അല്ലെങ്കിൽപിന്നെ, രാഷ്ട്രീയാധികാരം ലഭിച്ചതിനു ശേഷമുള്ള അവസ്ഥയെക്കുറിച്ച് മാത്രമേ ഇസ്‌ലാമിൽ നിർദേശമുള്ളൂവെന്നും, അധികാരമില്ലാത്ത അവസ്ഥയിൽ അതെങ്ങനെ കരസ്ഥമാക്കണമെന്നതിനെക്കുറിച്ച് യാതൊരു നിർദേശവും ഇസ്‌ലാം നല്കിയിട്ടില്ലെന്നും, അതിന് മുതിരുന്നവർ അനിസ്‌ലാമിക പരിപാടികളും അനിസ്‌ലാമിക പദങ്ങളും സ്വീകരിച്ചുകൊണ്ടുതന്നെ അക്കാര്യം നിർവഹിക്കേണ്ടതാണെന്നും അവർ തുറന്നുപറയട്ടെ! ഇതല്ല അവരുടെ ഉദ്ദേശ്യമെങ്കിൽ അധ്യക്ഷൻ, ലീഡർ, 'ഖാഇദ്' തുടങ്ങിയ സാങ്കേതിക പദങ്ങളുപയോഗിക്കുന്നത് അവർ സസന്തോഷം സഹിക്കു കയും എന്നാൽ, 'അമീർ' എന്ന ഇസ്‌ലാമിക സാങ്കേതികപദം കേൾക്കു ന്ന മാത്രയിൽ വിറളിയെടുക്കുകയും ചെയ്യുന്നത് ഞങ്ങളെ സംബന്ധി ച്ചിടത്തോളം മനസ്സിലാക്കാൻ കഴിയാത്ത കടങ്കഥയായിരിക്കുന്നു!

ഈ പ്രശ്നം ഗ്രഹിക്കുന്നതിൽ പൊതുവേ ജനങ്ങൾക്ക് വിഷമം നേരി ടുന്നതിന് കാരണമുണ്ട്: നബി(സ) തിരുമേനിയുടെ കാലത്ത് 'അമീറെ' ന്നോ 'ഇമാമെ'ന്നോ ഉള്ള സാങ്കേതിക പദങ്ങൾ ഉപയോഗപ്പെട്ടുകൊ ണ്ടിരുന്ന ഘട്ടത്തിൽ ഇസ്‌ലാമികഭരണം സ്ഥാപിതമായിക്കഴിഞ്ഞിട്ടുണ്ടാ യിരുന്നു. ഇസ്‌ലാമിക ഭരണം നിലവിലില്ലാതിരുന്ന ഘട്ടത്തിൽ തിരുമേ നിതന്നെ പ്രവാചകനെന്ന നിലയ്ക്ക് ഇഖാമതുദ്ദീനിനു വേണ്ടിയുള്ള പരി ശ്രമങ്ങൾക്ക് നേതൃത്വം വഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിനാൽ, 'ഇമാറതി'ന്റെയോ 'ഇമാമതി'ന്റെയോ സാങ്കേതികപദങ്ങൾ ഉപയോഗി ക്കേണ്ടുന്ന യാതൊരു സന്ദർഭവുമുണ്ടായിരുന്നില്ല. എന്നാൽ, മുസ്‌ലിം കളുടെ എല്ലാ സാമൂഹിക പ്രവർത്തനങ്ങളിലും ഇസ്‌ലാം ക്രമവും വ്യവ സ്ഥയും ആവശ്യപ്പെടുന്നുണ്ടെന്ന്, ഇസ്‌ലാമിന്റെ മുഴുവ്യവസ്ഥയും മുമ്പിൽവെച്ച് പരിശോധിക്കുന്നപക്ഷം നിഷ്പ്രയാസം ഗ്രഹിക്കാവുന്ന താണ്. അതിന് ഇസ്‌ലാം നിർദേശിക്കുന്ന ശരിയായ രൂപമാകട്ടെ, പ്രവർത്തനം സംഘടിതമായി നിർവഹിക്കപ്പെടുകയെന്നുള്ളതാണ്. സംഘടനയിൽ അനുസരണവും അച്ചടക്കവും ഉണ്ടായിരിക്കണം; ഒരു വ്യക്തി അതിന്റെ 'അമീർ' (നേതാവ്) ആയിരിക്കയും വേണം. നമ സ്കാരം നിർവഹിക്കുമ്പോൾ സംഘടിതമായി നിർവഹിക്കുകയും അതി

നൊരു 'ഇമാം' (നേതാവ്) ഉണ്ടായിരിക്കുകയും വേണം. ഹജ്ജാണെങ്കിൽ അതും സംഘടിതമായും അമീറിന് കീഴിലായും നിർവഹിക്കണം. എന്നല്ല, മൂന്നാളുകൾ യാത്ര പുറപ്പെടുന്ന പക്ഷം അവരും സംഘടിതരായി യാത്ര ചെയ്യേണ്ടതും തങ്ങളിൽ ഒരാളെ അമീറാക്കേണ്ടതുമാകുന്നു.

''മൂന്നാളുകൾ യാത്ര പുറപ്പെട്ടാൽ അവരിലൊരാളെ അമീർ ആക്കട്ടെ''*

ഇസ്‌ലാമിക ശരീഅത്തിന്റെ ഈ ആത്മാവിനെയാണ് ഉമർ(റ) ഇങ്ങനെ വിവരിച്ചത്:

"സംഘടന കൂടാതെ ഇസ്‌ലാമില്ല; നേതൃത്വമില്ലാതെ സംഘടനയില്ല; അനുസരണമില്ലാതെ നേതൃത്വവുമില്ല."**

ആകയാൽ, ഇഖാമതുദ്ദീനിനും സത്യസാക്ഷ്യ നിർവഹണത്തിനും വേണ്ടിയുള്ള ത്യാഗപരിശ്രമങ്ങൾക്കായി രൂപീകരിക്കപ്പെടുന്ന സംഘടനയുടെ നേതാവിന് 'അമീറെ'ന്നോ 'ഇമാമെ'ന്നോ ഉപയോഗിക്കുന്നത് തികച്ചും ശരിയും ന്യായവുമാണെന്നാണ് ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളത്. എന്നാൽ, 'ഇമാം'എന്ന പദത്തിൽ ചില പ്രത്യേക അർഥങ്ങൾ പറ്റിപ്പിടിച്ചുകഴിഞ്ഞിട്ടുള്ളതു നിമിത്തം കുഴപ്പങ്ങളിൽനിന്ന് രക്ഷപ്പെടുവാനായി, പ്രസ്തുത വാക്കുപേക്ഷിച്ച് 'അമീറെ'ന്ന പദമാണ് ഞങ്ങളുപയോഗിക്കുന്നത്.

ഇവ്വിധം സംഘടനയുടെ നേതാവായി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്ക് സകാത്ത് പിരിച്ചെടുക്കാൻ അവകാശമില്ലെന്നും ഇസ്‌ലാമിക ഗവൺമെന്റിന്റെ അമീറിനു മാത്രമേ അതിനധികാരമുള്ളൂവെന്നുമുള്ള അതിവിചിത്രമായ ഒരാക്ഷേപവും ഇവിടെ കേൾക്കാൻ കഴിഞ്ഞു. സകാത് പിരിച്ചെടുക്കുന്നത് സംബന്ധിച്ചുള്ള ഞങ്ങളുടെ പരിപാടി, ആക്ഷേ

---

* إِذَا خَرَجَ ثَلَاثَةٌ فِي سَفَرٍ فَلْيُؤَمِّرُوا عَلَيْهِمْ أَحَدَهُمْ (ابو داود)

'മുസ്നദ് അഹ്മദി'ലാകട്ടെ, അബ്ദുല്ലാഹിബ്നു ഉമറി(റ)ൽനിന്ന് നിവേദനം ചെയ്യപ്പെട്ടതായി വന്നിട്ടുള്ള വാക്കുകൾ ഇപ്രകാരമാണ്:

لا يحل لثلاثة يكونوا بفلاة من الارض إلا امرو عليهم أحدهم

(ഏതെങ്കിലും വിജനപ്രദേശത്തുള്ള മൂന്നുപേർ തങ്ങളിൽ ഒരാളെ തങ്ങളുടെ അമീറാക്കാതിരിക്കുന്നത് അവർക്ക് തീരേ അനുവദനീയമല്ല.) യാത്രയിൽ മാത്രമല്ല, ഏതവസ്ഥയിലും മുസ്‌ലിംകൾ സംഘടിതരായിത്തന്നെ ജീവിതം നയിക്കേണ്ടതുണ്ടെന്നും അവരുടെ യാതൊരു സാമൂഹിക പ്രവർത്തനവും സംഘടനയും ഇമാമത്തും കൂടാതെ നിർവഹിക്കാവതല്ലെന്നും ഇതിൽനിന്ന് വ്യക്തമാകുന്നുണ്ട്.

** لَا إِسْلَامَ إِلَّا بِجَمَاعَةٍ وَلَا جَمَاعَةَ إِلَّا بِإِمَارَةٍ وَلَا إِمَارَةَ إِلَّا بِإِطَاعَةٍ (جامع بيان العلم لابن عبد البر)

പം പുറപ്പെടുവിക്കുന്നവർക്ക് ഒരുപക്ഷേ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടായിരിക്കില്ല. മുസ്‌ലിംകളെല്ലാം അവരുടെ സകാത് ബൈതുൽമാലിൽ കൊണ്ടുവന്നടയ്ക്കണമെന്നു ഞങ്ങളാവശ്യപ്പെട്ടിട്ടില്ല. ഞങ്ങളെ ഏല്പിക്കാത്തവരുടെ സകാത് വീടുകയില്ലെന്നും ഞങ്ങളൊരിക്കലും പറഞ്ഞിട്ടില്ല. സകാത് ജമാഅതിന്റെ ബൈതുൽമാലിൽ അടയ്ക്കണമെന്ന് ഞങ്ങളുടെ ജമാഅത്തിലെ അംഗങ്ങളോട് മാത്രമേ ഞങ്ങളാവശ്യപ്പെട്ടിട്ടുള്ളൂ. ഇതുകൊണ്ട് ഞങ്ങളുദ്ദേശിക്കുന്നത്, ശരീഅതിന്റെ വിവക്ഷയനുസരിച്ച് സംഘടിതമായി സകാത് ശേഖരിച്ച് വിതരണം ചെയ്യുവാൻ മുസ്‌ലിംകൾ ശീലിക്കുകയെന്നുള്ളതാണ്. ഇങ്ങനെ ഞങ്ങൾ ചെയ്യുന്നതിൽ ശരീഅതിന്റെ ദൃഷ്ടിയിൽ വല്ല ദോഷവുമുണ്ടെങ്കിൽ അതെന്താണെന്നും ശരീഅതിലെ ഏത് വിധിക്കാണതെതിരെന്നും ദയവുചെയ്ത് ആരെങ്കിലും പറഞ്ഞുതന്നാലും! നമസ്കാരം അസംഘടിതമായി വീടുകളിൽവെച്ച് നിർവഹിക്കുന്നതിനു പകരം സംഘടിതമായി നിർവഹിക്കണമെന്ന് ജനങ്ങളോട് പറയുവാൻ ഞങ്ങൾക്കവകാശമുണ്ടെങ്കിൽ, സകാത് ഒറ്റയ്ക്കൊറ്റക്കായി കൊടുക്കുന്നതിനു പകരം കൂട്ടായി നിർവഹിക്കണമെന്ന് പറയുവാൻ ഞങ്ങൾക്ക് എന്തുകൊണ്ടവകാശമില്ല? വരിസംഖ്യ പിരിക്കുകയാണെങ്കിൽ തരക്കേടില്ല. പ്രവേശന ഫീസും അംഗത്വഫീസും നിശ്ചയിക്കുകയാണെങ്കിൽ അതും നല്ലത്; പക്ഷേ, അല്ലാഹുവും റസൂലും നിശ്ചയിച്ച കർത്തവ്യം നിർവഹിക്കുവാനായി ഉദ്ബോധിപ്പിക്കുകയാണെങ്കിലോ അതങ്ങേയറ്റം നിഷിദ്ധം! എത്ര വിചിത്രമാണിത്!!

ഇതിലും രസാവഹമായ മറ്റൊരാക്ഷേപം "ഞങ്ങളെന്തിന് ബൈതുൽമാൽ സ്ഥാപിച്ചു"വെന്നുള്ളതാണ്. ഇത്തരം ആക്ഷേപങ്ങൾ കേൾക്കുമ്പോൾ, ഇസ്‌ലാമിന്റെ സാങ്കേതിക പദങ്ങളോടുതന്നെ ഇക്കൂട്ടർക്കെന്തോ അമർഷമുള്ളതുപോലെ തോന്നിപ്പോകുന്നു! സാമൂഹിക പ്രവർത്തനങ്ങളിൽ ധനം ചെലവഴിക്കാൻ വേണ്ടിയുള്ള ഖജനാവ് ഏതൊരു പാർട്ടിയും സംഘടനയും സ്ഥാപിക്കുമെന്നത് വ്യക്തമാണ്. ഞങ്ങളുടെ സംഘടനയ്ക്കും അങ്ങനെയൊന്നുണ്ട്. ഞങ്ങളതിന് 'ബൈതുൽമാൽ' എന്നു പറയുന്നു. കാരണം, അതാണ് ഇസ്‌ലാമിക സാങ്കേതിക പദം! ഖജാന എന്നാണ് ഞങ്ങളതിനെ വിളിച്ചതെങ്കിൽ ഇവർക്ക് യാതൊരാക്ഷേപവുമുണ്ടാകുമായിരുന്നില്ല. 'ട്രഷറി' എന്നാണ് പറഞ്ഞിരുന്നതെങ്കിലും ഇവർ സന്തുഷ്ടരാകുമായിരുന്നു. എന്നാൽ, ഒരിസ്‌ലാമിക സാങ്കേതികപദം ഉപയോഗിച്ചപ്പോൾ അതിവർക്ക് സഹിക്കാനാവുന്നില്ല!

ഈ ആക്ഷേപങ്ങളിൽ മിക്കതും അങ്ങേയറ്റം നിരർഥങ്ങളാണ്. അവ എടുത്തുന്നയിച്ച് മറുപടി നല്കിക്കൊണ്ട് സദസ്യരുടെ സമയം പാഴാക്കുവാൻ ഞാനൊരിക്കലും ഇഷ്ടപ്പെടുമായിരുന്നില്ല, എന്നാൽ, ആക്ഷേപങ്ങളുടെ ചില മാതൃകകൾ ഇവിടെ എടുത്തുന്നയിച്ചതിൽ എനിക്കൊ

രുദ്ദേശ്യമുണ്ട്. അതായത്, കർത്തവ്യങ്ങൾ സ്വയം നിർവഹിക്കുവാനോ മറ്റുള്ളവരെ നിർവഹിക്കുവാൻ അനുവദിക്കുവാനോ ഒരുക്കമില്ലാത്ത ജനങ്ങൾ എത്തരം കുതന്ത്രങ്ങളും ഒഴികഴിവുകളും ആക്ഷേപങ്ങളും സംശയങ്ങളുമാണ് തെരഞ്ഞു പിടിച്ചുകൊണ്ടുവരുകയെന്നും, അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് സ്വയം പിന്തിരിയുവാനും മറ്റുള്ളവരെ പിന്തിരിപ്പിക്കുവാനും എന്തൊക്കെ ശ്രമങ്ങളാണവർ നടത്തുകയെന്നും ഇതിൽനിന്ന് നിങ്ങൾക്ക് ഗ്രഹിക്കാവുന്നതാണ്. വഴക്കും വക്കാണവും തർക്കവിതർക്കങ്ങളും വാദപ്രതിവാദങ്ങളും ഞങ്ങളുടെ മാർഗമല്ല. ഞങ്ങളുടെ വിഷയം നേർക്കുനേരെ ഗ്രഹിക്കുവാൻ ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ അവരെ ഗ്രഹിപ്പിക്കാൻ ഏതവസരത്തിലും ഞങ്ങൾ തയ്യാറുണ്ട്; ഞങ്ങളുടെ അബദ്ധങ്ങൾ ന്യായമായ മാർഗേണ ഞങ്ങളെ ഗ്രഹിപ്പിക്കുവാൻ വല്ലവരും ആഗ്രഹിക്കുന്നുവെങ്കിൽ അത് ഗ്രഹിക്കുവാനും ഞങ്ങളൊരുക്കമാണ്. എന്നാൽ, സ്വയം കെട്ടിപ്പിണയുകയും മറ്റുള്ളവരെ കെട്ടിപ്പിണയ്ക്കുകയും മാത്രമാണ് ഒരാളുടെ ലക്ഷ്യമെങ്കിൽ അങ്ങനെയുള്ളവരുമായി ഇടപെടുവാൻ ഞങ്ങളൊട്ടും ഇഷ്ടപ്പെടുകയില്ല. തന്റെ ജോലി താനുദ്ദേശിക്കുന്ന കാലത്തോളം നടത്തിക്കൊണ്ടുപോകുവാൻ അയാൾക്ക് സ്വാതന്ത്ര്യമുണ്ട്.

وآخر دعوانا ان الحمد لله رب العالمين

❋❋❋